വികാരം തലയിൽ കത്തിയാടും മുൻപ് മോളെ കെട്ടിപ്പിടിച്ചു കണ്ണുകൾ ഇറുക്കിയടച്ചു അവൾ അതിൽ നിന്നും പുറത്തു കടന്നു.
പതിയെ ഉറക്കം കണ്ണുകളെ തഴുകാൻ തുടങ്ങുന്നത് അവൾ അറിഞ്ഞു.

പിറ്റേന്ന് ഞായറായത് കൊണ്ട് തന്നെ അവർക്ക് ഫാക്ടറിയിൽ പണി ഇല്ലായിരുന്നു.

ബാക്കി ഉണ്ടായിരുന്ന അരി കഴുകി അടുപ്പിൽ ഇട്ടു അതിനടുത്തേക്ക് ഇന്നലെ വച്ച ഇറച്ചി കൂടെ വച്ച് അവൾ ചൂടാക്കി.
രാവിലേക്കുള്ളത് കൂടിയേ ഇനി ബാക്കി ഉള്ളു എന്ന് അവൾ കണ്ടറിഞ്ഞിരുന്നു,
ഇത് കഴിഞ്ഞാൽ ഇനിയെന്ത് എന്നുള്ള ചിന്തയും അവളെ അലട്ടി.
പ്രാതലിന് കൂടി ഇറച്ചിക്കറിയും ചോറും കിട്ടിയ സന്തോഷത്തിൽ കൊതിയോടെയാണ് അനു കഴിച്ചത്.
അത് കണ്ടു നിറഞ്ഞ മനസ്സുമായി തന്റെ പങ്ക് മോൾക്ക് ഉച്ചക്കത്തേക്ക് മാറ്റിവെച്ച് സുജ കഞ്ഞിവെള്ളത്തിൽ തന്റെ വിശപ്പടക്കി.

"അമ്മാ......ഞാൻ കുട്ടൂന്റെ വീട്ടിൽ പോവാ..."

പുറകിൽ നനച്ചിട്ട തുണി കഴുകുകയായിരുന്ന സുജയുടെ മറുപടിയെത്തും മുൻപ് ആഹ് പാവാടക്കാരി പടിയിറങ്ങി ഓടിയിരുന്നു.

പിന്നാമ്പുറത്ത് നിന്ന് അകത്തേക്ക് കയറാൻ ഒരുങ്ങുമ്പോഴായിരുന്നു പുറകിലെ പറമ്പിൽ നിന്നവളാ വിളി കേട്ടത്, ശ്രീജയുടെ വിളി.
പിറകിലെ പറമ്പ് കടന്നു സുജയുടെ അടുത്തേക്ക് വന്നു കൊണ്ടിരിക്കുകയായിരുന്നു ശ്രീജ.
ശ്രീജയെ കണ്ടപാടെ സുജയുടെ മനസ്സിൽ തെളിഞ്ഞു വന്നത് ഇന്നലത്തെ കാര്യങ്ങൾ ആയിരുന്നു ആലോചിച്ചതും സുജയ്ക്ക് അവളോട് വെറുപ്പ് ഉയർന്നു വന്നു.

"സുജേ നിക്കെടി....ഞാൻ ദേ വരുന്നു."

ശ്രീജയെ അഭിമുഖീകരിക്കാനുള്ള ഇഷ്ടക്കേടുകൊണ്ട് തിരികെ വീട്ടിലേക്ക് കയറാനൊരുങ്ങിയ സുജയെ നീട്ടി വിളിച്ചുകൊണ്ട് ശ്രീജ പിന്നിലെ പടികയറി

സുജയുടെ അടുത്തെത്തി.

"എന്റേടി പെണ്ണേ...ഇന്നലെ അമ്മയ്ക്ക് ആകെ വലിവ് കയറി കുറച്ചു പ്രശ്നമായി, ഞാൻ വരാനും കുറച്ചു വൈകി അല്ലോ... രാത്രി കുറെ വൈകിയാ ഒന്ന് നേരെ ആയെ...
നീയും ഇന്നലെ അത്രേം വൈകിയതെന്താ....എനിക്ക് മുന്നേ പോന്നതല്ലേ..."

വന്നതേ ശ്രീജ സംസാരിച്ചു തുടങ്ങി.

"ആഹ് വൈകി കവലയിൽ ഒന്ന് കയറി...."

സംസാരിക്കാൻ ഇഷ്ടമില്ലാതെ സുജ ഒറ്റവാക്കിൽ മറുപടിയൊതുക്കി.

"ആഹ് ഞാൻ നിനക്ക് കുറച്ചു കാശ് തരപ്പെടുത്തിയാരുന്നു...ഇന്നലെ കുട്ടൂനെ അതും കൊടുത്തു വിട്ടപ്പോൾ നീ വേണ്ടെന്നു പറഞ്ഞെന്നു പറഞ്ഞു...
നിനക്ക് കാശ് എവിടെന്നേലും കിട്ടിയോടി....കടം വാങ്ങിയതാണേൽ അതങ്ങു കൊടുത്തേക്ക്, വെറുതെ കടം വെച്ചോണ്ടിരിക്കണ്ടല്ലോ എന്റെ കയ്യിൽ അത്യാവശ്യം കാശ് കിട്ടി."

ഒന്നും നടക്കാത്ത പോലെ ശ്രീജ പറഞ്ഞത് കേട്ടതും സുജയ്ക്ക് എരിഞ്ഞു നിന്നതെല്ലാം പൊട്ടിത്തെറിച്ചു.

"കണ്ടവന് കാലു വിടർത്തിക്കൊടുത്തു സംബാധിച്ചതൊന്നും എനിക്കോ എന്റെ മോൾക്കോ വേണ്ട....പിന്നെ എന്റെ പേര് പറഞ്ഞു കാശ് വാങ്ങിച്ചത് എന്നെക്കൂടി കൂട്ടിക്കൊടുക്കാൻ ഉള്ള ഉദ്ദേശത്തിലാണെങ്കിൽ അതങ്ങ് മറന്നേക്ക്...."

ദേഷ്യം കൊണ്ട് വിറയ്ക്കുകയായിരുന്നു സുജ,...മുഖം മുഴുവൻ കോപത്താൽ ചുവന്നിരുന്നു.

അവളുടെ വാക്കുകളിൽ ശ്രീജ ഒരു നിമിഷം പകച്ചുപോയി. പറഞ്ഞത് വിശ്വസിക്കാനാവാതെ പിന്നെയും നിന്നു തലയ്ക്കുള്ളിൽ വാക്കുകൾ വീണ്ടും മുഴങ്ങി കേട്ടതും ശ്രീജയുടെ കണ്ണുകൾ നിറഞ്ഞൊഴുകി.

ഠോ #@##

ഉറക്കെ ഒരു ശബ്ദം അവിടെ മുഴങ്ങി...
സുജ കവിൾ പൊത്തി ഇരുന്നുപോയി,....ഒഴുകുന്ന കണ്ണീരിനിടയിലൂടെ പടിയിറങ്ങി പോവുന്ന ശ്രീജയെ അവൾ കണ്ടു.
ശ്രീജ ഇറങ്ങിപ്പോവുന്നത് കണ്ടു തരിച്ചിരിക്കാനെ അല്പസമയം സുജയ്ക്ക് കഴിഞ്ഞുള്ളു.

നെഞ്ചിന്റെ താളം നേരെയാവാൻ എടുത്ത സമയം അവൾ ആലോചിച്ചത് ശ്രീജയെകുറിച്ചായിരുന്നു, ഇവിടെ വന്ന കാലം തൊട്ടു എന്തിനും കൂടെ ഉണ്ടായിരുന്നത് ശ്രീജയയിരുന്നു.
ഒരു വയറ്റിൽ പിറന്നില്ലെങ്കിലും ഒരെ ചോരയായിട്ടെ ചേച്ചി തന്നെ കണ്ടിട്ടുള്ളു. താങ്ങും തണലുമായി കൂടെപിറപ്പായി കിട്ടിയ ചേച്ചി, ഭദ്രൻ മരിച്ചപ്പോഴും തനിക്ക് കൈത്താങ്ങായി നിന്നവൾ, അന്ന് ചേച്ചി ഇല്ലായിരുന്നെങ്കിൽ പണ്ടേ മോളും താനും ഈ ജീവിതം അവസാനിപ്പിച്ചേനെ...
എന്നാലും ചേച്ചി ചെയ്തത്.....
കുടുംബം നോക്കാത്ത ഒരു മുഴുവൻ സമയവും കള്ള് മോന്തി നടക്കണ ഒരാളാണ് ചേച്ചിയുടെ ഭർത്താവ് മാസത്തിലെപ്പോഴോ ഒരിക്കൽ വരും അന്ന് കുടിച്ചു പുലഭ്യം പറഞ്ഞു ഉമ്മറത്തെ തിണ്ണയിൽ ബോധം കെട്ടുറങ്ങും.
അയാൾ ഭർത്താവായി ഉള്ളതും ഇല്ലാത്തതും ഒരു പോലെയാണ്...
എന്നാലും ചേച്ചി ഒരു ഭാര്യ അല്ലെ,....
ഒരു തോന്നലിന് പുറത്തു ചെയ്ത് പോയതാവും,..

ചിന്തകൾ സുജയെ വരിഞ്ഞു മുറുക്കി...
ദേഷ്യത്തിൽ കണ്ണമറഞ്ഞു പോയ അവസരത്തിൽ ശ്രീജയോട് പറഞ്ഞുപോയ കാര്യങ്ങൾ ഓർത്തു നെഞ്ച് വിങ്ങാൻ തുടങ്ങിയതും കണ്ണ് തുടച്ചുകൊണ്ടവൾ ശ്രീജ ഇറങ്ങിയ പടിക്കെട്ടുകൾ ഓടിയിറങ്ങി...

"ഇല്ല എനിക്ക് ചേച്ചിയെ വേണം ചേച്ചി കൂടി ഇല്ലാതെ എനിക്ക് പറ്റില്ല...
ചേച്ചി എങ്ങനെയുള്ള ആളായാലും ചേച്ചിയെ എനിക്ക് വേണം."

പറമ്പിലൂടെ കരഞ്ഞു കിതച്ചു ശ്രീജയുടെ വീട്ടിലേക്ക് ഓടുമ്പോൾ സുജയുടെ മനസ്സ് അവളോട് വെമ്പിക്കൊണ്ടിരുന്നു.

കാലിലുരഞ്ഞു മാറുന്ന ചെറു പുല്ലുകളെ വകഞ്ഞുകൊണ്ട് സുജ ശ്രീജയെ കാണാനായി ഓടി.
ശ്രീജയുടെ പറമ്പിന്റെ അതിരിൽ കെട്ടിയ മുട്ടുകാലോളം പൊക്കം ഉള്ള കലിങ്കിന് മേലെ ശ്രീജ ഉണ്ടായിരുന്നു.
കണ്ണ് ഇടയ്ക്കിടെ തുടച്ചു എങ്ങി കരയുന്ന ശ്രീജയെ കണ്ടതും സുജയുടെ ഉള്ളിൽ കുറ്റബോധം ആർത്തലച്ചിറങ്ങി.
ഓടി ചെന്ന് പിറകിലൂടെ ശ്രീജയെ കെട്ടിപ്പിടിച്ചു അവളുടെ പുറത്തു മുഖംവച്ചു കരയുമ്പോൾ ശ്രീജയേക്കാൾ ഉച്ചത്തിൽ സുജയുടെ തേങ്ങൽ ഉയർന്നിരുന്നു.

"അവിടെ അങ്ങനെ കണ്ടപ്പോൾ എനിക്ക് സയ്ക്കാൻ പറ്റിയില്ല,....ആഹ് ദേഷ്യത്തിൽ അറിയാണ്ട് പറഞ്ഞുപോയതാ....കരയല്ലേ ശ്രീജേച്ചി...."

സുജ എങ്ങിക്കൊണ്ട് പറഞ്ഞപ്പോഴും ശ്രീജ അതെ ഇരിപ്പ് തുടർന്നു...

"ഇങ്ങനെ കരയല്ലേ....എനിക്ക് സങ്കടം സഹിക്കാൻ പറ്റണില്ല...ചേച്ചി എന്നെ എത്ര

വേണേലും തല്ലിക്കോ....എന്ത് വേണേലും പറഞ്ഞോ പക്ഷെ ഇങ്ങനെ മിണ്ടാതെ ഇരിക്കല്ലേ....
ഇവിടെ എനിക്ക് ആകെ ചേച്ചി മാത്രേ ഉള്ളൂ,..ചേച്ചി കൂടെ ഇല്ലേൽ ഇനി ഞാൻ എന്തിനാ കൊച്ചിന് കുറച്ചു വിഷോം കൊടുത്തു ഞാനും അങ് ചത്തേക്കാം...."

പതം പറഞ്ഞു കരഞ്ഞ സുജയുടെ കയ്യിൽ ഒറ്റയടി ശ്രീജ കൊടുത്തു.
പുറത്തേക്ക് കയ്യിട്ട് അവളുടെ മുടിയിൽ തഴുകിയപ്പോൾ,
ഉള്ളു തണുത്ത ആശ്വാസത്തിൽ ശ്രീജയെ ഒന്നുകൂടെ മുറുക്കെ കെട്ടിപ്പിടിച്ചു.

"നിന്നോട് ഞാൻ എല്ലാം പറയേണ്ടതായിരുന്നു....
പറയാതെ വച്ചതുകൊണ്ട് ഇങ്ങനെയൊക്കെ സംഭവിച്ചു...."

ശ്രീജയുടെ സ്വരം ദൃഢമായിരുന്നു.

"എന്നാലും ചേച്ചി ഇത്....
ചേട്ടനെ ചതിക്കുവല്ലേ..."

"എന്താ പെണ്ണേ ചതി....
നാട്ടുകാരുടെ മുന്നിൽ അങ്ങേരു ചിലപ്പോൾ എന്റെ ഭർത്താവും കൊച്ചിന്റെ അച്ഛനുമൊക്കെ ആയിരിക്കും പക്ഷെ എന്റെ ഉള്ളിൽ അങ്ങേരിപ്പോ വെറുമൊരു അന്യനാ....
കെട്ടിയ ആണ് പെണ്ണിന് തരുന്ന കാവലും കരുതലുമാണ് ഒരു മാലയെ താലി ആക്കുന്നത്.
അല്ലേൽ അത് വെറും ചരടാ,...
കള്ളു കുടിച്ചു വന്നു തല്ലാനും അങ്ങേരുടെ കാമം തീർക്കാനും, ചോദിക്കാൻ നേരം പണിയെടുത്തു ഞാൻ ഉണ്ടാക്കിയ കാശെടുത്തു കൊടുക്കാനും മാത്രം ഉള്ള ഒരാളെ ഭർത്താവെന്നു എങ്ങനെ പറയും.
എന്റെ കുട്ടു ഒരിക്കൽപോലും സ്നേഹത്തോടെ അച്ഛൻ എന്ന് വിളിച്ചിട്ടില്ല....മാസത്തിലൊരിക്കൽ വീട്ടിൽ ഉയർന്നു കേൾക്കുന്ന പുലയാട്ടാണ് അവനു അച്ഛൻ,....

കൊച്ചിനെ ഉണ്ടാക്കി തരാൻ ഏതൊരു ആണിനും പറ്റും സുജേ..."

ഒന്ന് നിർത്തി ഒരു ദീർഘനിശ്വാസം എടുത്തു ശ്രീജ തുടർന്നു.

"അങ്ങേരുടെ താലി കഴുത്തിൽ കയറുമ്പോൾ ആയിരം സ്വപ്നങ്ങൾ എനിക്കുണ്ടായിരുന്നു അതെല്ലാം തല്ലിക്കെടുത്തിയിട്ട് ഉണ്ടാക്കി തന്ന കൊച്ചിനെ പോലും നോക്കാതെ എന്റെ അധ്വാനോം ചോരേം ഊറ്റി കുടിക്കുന്ന അയാളെ എനിക്ക് വേണ്ട എന്ന് തോന്നിയപ്പോൾ പൊട്ടിച്ചു കളഞ്ഞതാ അയാൾ കെട്ടിയ താലി.

എന്റെ മനസ്സിൽ അയാളില്ല, ഇനി ഉണ്ടാവുകയുമില്ല."

ശ്രീജ ഒരു നിശ്വാസത്തോടെ പറഞ്ഞു നിർത്തി.

അപ്പോഴേക്കും ചെരിഞ്ഞിരുന്നിരുന്ന ശ്രീജയുടെ തോളിൽ ചാരി ആയി സുജയുടെ കിടപ്പ്.

"എന്നാലും ചേച്ചി......മുതലാളിയുമായിട്ട്…???"

സുജ പറയാതെ ബാക്കി വിഴുങ്ങി.

"ഹ ഹ ഹ....ഡി പെണ്ണേ മുതലാളി ഒക്കേ ബാക്കി ഉള്ളോർക്കാ എനിക്കതെന്റെ ഇച്ഛായനാ.....താലി കെട്ടിയില്ലെങ്കിലും മനസ്സുകൊണ്ട് അങ്ങേരു കെട്ടിയ താലി എന്റെ ഹൃദയത്തിനു മേലെ ഉണ്ട് അതിന്റെ ഉറപ്പിൽ ആഹ് ഇപ്പോൾ എന്റെ ജീവിതം…"

"എന്നാലും ചേച്ചി….???"

സുജ പിന്നെയും അവളുടെ സന്ദേഹം ഉയർത്തി.

"ചതിച്ചിട്ടു പൊവാത്തൊന്നും ഇല്ലെടി പെണ്ണേ...അതിനായിട്ടായിരുന്നെങ്കിൽ എന്നെ ആവായിരുന്നു. പരസ്പരം അറിഞ്ഞതും അടുത്തതും എല്ലാം ഒരുപാട് കാര്യങ്ങൾ അറിഞ്ഞിട്ട,....
….താളം തെറ്റിപ്പോയ കുടുംബജീവിതം, അത് നഷ്ടപ്പെട്ടപ്പോൾ ഉണ്ടായ വേദനയിൽ നടന്നിരുന്ന ഇച്ഛായനും, ജീവിതം ഒന്നുമൊന്നും ആവാതെ ആയിപോയ ഞാനും,...എങ്ങനെയോ രണ്ടു പേരും തമ്മിൽ കൂട്ടായി…
തുല്യരീതിയിൽ സങ്കടം അനുഭവിച്ചോണ്ടിരുന്ന ഞങ്ങൾക്ക് പരസ്പരം വിഷമങ്ങൾ തുറന്നു പറയാൻ മനസ്സറിഞ്ഞ ആളെ കിട്ടിയപോലെ ആയിരുന്നു.
സ്റ്റോക്ക്ന്റെ എണ്ണം എടുക്കുമ്പോൾ ആയിരുന്നു ഈ സംസാരം ഒക്കെ…
കുഞ്ഞൂട്ടിയും ഉണ്ടാവും, ഇച്ഛായന് അനിയനെ പോലെയാ എനിക്കും.
പിന്നെ പിന്നെ ഞങ്ങൾ പരസ്പരം താങ്ങാവാൻ തുടങ്ങി, പിന്നീട് പ്രേമമായി,...
പക്ഷെ അപ്പോഴും കഴപ്പ് തീർക്കാനുള്ള ഒരു കാര്യമായി ഞങ്ങൾക്ക് അത് തോന്നിയിട്ടില്ല, ഇച്ഛായൻ ഒരിക്കൽപോലും അങ്ങനെ നോക്കിയിരുന്നില്ല എന്ന് വേണം പറയാൻ,...
ഒരിക്കൽ അങ്ങേരെന്നെ വിളിച്ചു.
കൊച്ചിനേം കൊണ്ട് അങ്ങേരുടെ കൂടെ ചെല്ലാൻ,
കൊച്ചിനെ സ്വന്തം മോനായിട്ടു ഇച്ഛായൻ നോക്കിക്കോളാം എന്ന്.
എന്നെ താലി കെട്ടി കേട്ട്യോളായിട്ട് കൊണ്ട് പോണമെന്നു വാശി പിടിച്ചു.
ഒറ്റയ്ക്ക് തളർന്നു പോവുന്നു എന്ന് പറഞ്ഞു എന്റെ മുന്നിലിരുന്നു കരഞ്ഞു.
അന്ന് എനിക്ക് ഉള്ളതെല്ലാം ഇച്ഛായന് ഞാൻ കൊടുത്തു.
ഇന്ന് എന്റെ മനസ്സിനും ശരീരത്തിനും ഒരാളെ ഉള്ളു അത് ഇച്ഛായനാ….അങ്ങേരെ

ഞാൻ ചതിച്ചിട്ടില്ല ചതിക്കത്തും ഇല്ല.
അങ്ങേര് എന്റെ കൂടെ ഉള്ള ധൈര്യത്തിലാ ഞാൻ ഇപ്പോൾ ജീവിക്കുന്നെ....
ഇന്നലെയും ചോദിച്ചു കൊച്ചിനേം കൂട്ടി വന്നൂടെ എന്ന്."

"പിന്നെന്തിനാ ചേച്ചി, ഇങ്ങനെ ഇവിടെ നരകിക്കുന്നേ,...ചേച്ചിക്ക് പൊയ്ക്കൂടേ..."

"കഴിയില്ലെടി കൊച്ചെ...നാട്ടാരുടെ മുന്നിൽ ഞാൻ ഇപ്പോഴും ആഹ് വൃത്തികെട്ടവന്റെ ഭാര്യയാ...
കേട്ട്യോനെ വിട്ടു വേറെ ഒരാളുടെ കൂടെ പോയ പെണ്ണിന്റെ മോനായിട്ടു എന്റെ കൊച്ചു വളർന്നൂടാ...
നമ്മുടെ നാട്ടാർക് എന്നെക്കുറിച്ചു പറയാൻ കഥ ഉണ്ടായിക്കൂടാ....
പിന്നെ അങ്ങേരുടെ അമ്മ അമ്മായിയമ്മ ആയിട്ടല്ല സ്വന്തം അമ്മ ആയിട്ടാ എനിക്ക് തോന്നിയെ.....
വീണപ്പോഴെല്ലാം എന്നെ എഴുന്നേല്പിക്കാൻ ഉണ്ടായത് അവരാ...ഈ നെലേൽ അവരെ വിട്ടേച്ചു പോവുന്നത് ദൈവത്തിന് നിരക്കാത്തതാ....
അയാളിനി എന്നെ തൊടുകേല എന്റെ മേൽ ഒരാവകാശോം ഇല്ല, പക്ഷെ നോക്കുവേലെങ്കിലും കൊച്ചിന്റെ തന്ത ആയി പോയില്ലേ...അതുകൊണ്ടാ, വന്നാൽ ഇപ്പോൾ വരാന്ത വരെയേ എത്തൂ അത് ഞാൻ തറപ്പിച്ചു പറഞ്ഞിട്ടുണ്ട്...എന്താണ്ടൊക്കെ മനസ്സിലായിട്ടുമുണ്ട്, പക്ഷെ മിണ്ടാൻ പറ്റത്തില്ലല്ലോ...അതോണ്ട് കുടിച്ചു എന്നേലും വരുവാണേൽ അവിടെക്കിടന്നു വഴി പോണോരെ തെറിയും പറഞ്ഞു കിടക്കും.
ആഹ് ജീവിതം ഞാൻ എന്നെ അവസാനിപ്പിച്ചതാ സുജേ...."

"എങ്കിലും എത്ര കാലം ഇങ്ങനെ പോവും ചേച്ചി..."

"അറിയില്ല.....വിധിയുണ്ടേൽ എല്ലാം നടക്കും പെണ്ണേ....
അതൊക്കെ വിട് ഇന്നലെ എന്ത് ചെയ്തു പിള്ള കടം തന്നോ...
കുട്ടൂനു കൊടുത്തുവിട്ട കാശ് നീ മേടിച്ചില്ലെന്നു പറഞ്ഞു."

"അത്....അത്....ചേച്ചി....ഇന്നലെ ശിവൻ കൊണ്ട് വന്നു അരിയും കുറച്ചു ഇറച്ചിയും കൊണ്ട് തന്നു...."

"എഹ്....ശിവനോ....പോ പെണ്ണേ.."

പറഞ്ഞത് വിശ്വസിക്കാനാവാതെ ശ്രീജ ഞെട്ടി.

"അതെ ചേച്ചി ഞാൻ കണ്ടതാ വാതിൽപ്പുറത്തു സാധനങ്ങൾ വച്ചിട്ട് താഴേക്ക് പോവുന്ന ശിവനെ..."

"എന്നാലും അവൻ എന്നാത്തിനാ കൊച്ചെ നിനക്ക് സാധനങ്ങൾ കൊണ്ട് തരുന്നെ...
ഞാൻ അറിയാത്ത വല്ല പ്രേമോം ഉണ്ടോടി പെണ്ണേ..."

സുജയെ കളിയാക്കികൊണ്ട് ശ്രീജ ചുണ്ടുകോട്ടി.

"ദേ ചേച്ചി ഒറ്റ കുത്തു വച്ച് തരും..."

കളിയാക്കൽ പിടിക്കാതെ സുജ മുഖം ചുവപ്പിച്ചു.

"ഹ ഞാൻ ചുമ്മാ പറഞ്ഞതല്ലേ പെണ്ണേ...എന്നാലും ഇതുവരെ നേരാം വണ്ണം ഒരു പെണ്ണിന്റെ മുഖത്ത് അവൻ നോക്കുന്നത് ഞാൻ കണ്ടിട്ടില്ല....
എന്തിന് അവന്റെ ഒച്ചപോലും പൊങ്ങി ഞാൻ കേട്ടിട്ടില്ല...
അവൻ എന്തിനാണാവോ നിനക്കിപ്പോൾ ഈ സഹായം ചെയ്യുന്നേ..."

"കവലേൽ വച്ച് ആഹ് പിള്ളയുടെ കൂർത്ത നോട്ടം താങ്ങാൻ പറ്റാതെ ഒന്നും വാങ്ങാതെ തിരികെ നടക്കുമ്പോൾ ശിവൻ കവലയിൽ ഉണ്ടായിരുന്നു. ഇനി അത് കണ്ടിട്ടാവുമോ....
അല്ലേൽ എല്ലാരേം പോലെ എന്റെ ഈ അവസ്ഥ മുതലെടുക്കാൻ ആയിരിക്കുവോ..."

അവസാനം ആയപ്പോൾ സുജയുടെ ശബ്ദം ഇടറിയിരുന്നു.

"ഹ....നീ പേടിക്കാതിരി കൊച്ചെ ഒന്നുല്ലേലും ഞാൻ ഇല്ലേ....നിനക്കും കൊച്ചിനും ഒന്നും വരത്തില്ല വരാൻ ഞാൻ സമ്മതിക്കുകേല.."

ശ്രീജ അവളെ ചേർത്ത് പിടിച്ചു ഒന്ന് ധൈര്യപ്പെടുത്തി.

"ഞാൻ ചെല്ലട്ടെ ഉച്ചക്കത്തേക്ക് വല്ലതും ഉണ്ടാക്കണം...നിനക്കും കൊച്ചിനുമുള്ളത് ഞാൻ കൊണ്ടുവന്നേക്കാം...."

"വേണ്ടേച്ചി....ഇന്നലത്തേത് ബാക്കി ഉണ്ട്..."

"എന്റെ കൊച്ചെന്ത്യേടി..."

"രാവിലെ അങ്ങോട്ട് പോന്നിട്ടുണ്ട്..."

"ആഹ് എന്നാൽ തിരിച്ചു പോരാൻ നേരം കാശ് ഞാൻ അവളുടെ കൈയേൽ കൊടുത്തുവിട്ടേക്കാം, മാസം ഇനീം ബാക്കി കിടക്കുവല്ലേ...."

അവളെ ഒന്നുകൂടെ ചേർത്ത് പിടിച്ചു ശ്രീജ കലിങ്കിറങ്ങി.

"ചേച്ചി ഒന്നും മനസ്സിൽ വച്ചേക്കല്ലേ....എന്നോട് ക്ഷമിച്ചേക്കണേ..."

സുജ മനസമാധാനത്തിനായി ഒന്നൂടെ ശ്രീജയുടെ മുന്നിൽ മാപ്പ് പറഞ്ഞു.

"ദേ കൊച്ചെ...എൻ്റെന്ന് ഇനീം തല്ലു വാങ്ങാതെ പോവാൻ നോക്ക്."

ചിരിയോടെ നടന്നു നീങ്ങുന്ന ശ്രീജയെ നോക്കി ചുണ്ടിൽ വിരിഞ്ഞ പുഞ്ചിരിയുമായി സുജ തിരികെ വീട്ടിലേക്ക് നടന്നു.
പിന്നാമ്പുറത്തെത്തുമ്പോഴാണ്, മുൻവശത്ത് സുജ കാൽപെരുമാറ്റം ശ്രെദ്ധിച്ചത്.
ഉടനെ വീടിന്റെ വശത്തുകൂടി മുന്നിലേക്ക് സുജ നടന്നു.
മുന്നിലെത്തിയ സുജ നിന്നത് പടിക്കൽ സഞ്ചി വച്ച് നിവർന്ന ശിവന്റെ മുന്നിലായിരുന്നു.
ഒരു നിമിഷം സുജയും ശിവനും ഞെട്ടി നിന്നു, കണ്ണുകൾ തമ്മിൽ ഇടഞ്ഞ കുറച്ചു നിമിഷം ഒന്നും പറയാൻ സുജയ്ക്കുണ്ടായിരുന്നില്ല, ശിവനും, രണ്ടു പേരും അൽപനേരം കണ്ണുകളിൽ ആണ്ടു നിന്നു.
മുണ്ടിന്റെ തുമ്പിൽ തെരു പിടിപ്പിച്ചു നിന്ന സുജയെ കൂടുതൽ വിറപ്പിക്കാതെ ഒരക്ഷരം പോലും മിണ്ടാതെ ശിവൻ പടിയിറങ്ങി പോയി.
അവന്റെ പിന്നിൽ നിന്നും കണ്ണ് വിടാതെ അവൾ വാതിൽ പടിയോട് ചാഞ്ഞു നിന്നു.

*************************

"മതിയോടാ ശിവാ....???"

പറഞ്ഞ സാധനങ്ങൾ എല്ലാം അവൻ കൊണ്ടുവന്ന സഞ്ചിയിലേക്ക് വച്ചുകൊണ്ട് കടയിലെ പിള്ളച്ചേട്ടൻ ചോദിച്ചപ്പോൾ, മതി എന്ന രീതിയിൽ ശിവൻ തലയാട്ടി.
സഞ്ചിയുമായി കടയിൽ നിന്നും ഇറങ്ങി നടന്നു പോവുന്ന ശിവനെ കണ്ടുകൊണ്ട് അപ്പുറം അത്രയും നേരം മാറി നിന്നിരുന്ന അരവിന്ദൻ വായിലെ മുറുക്ക് നീട്ടിതുപ്പിക്കൊണ്ട് പിള്ളയുടെ കടയിലേക്ക് കയറിച്ചെന്നു.

"ആർക്കാ പിള്ളച്ചേട്ട ആഹ് പൊട്ടൻ ശിവൻ സാധനോം വാങ്ങിക്കൊണ്ടു പോയെ..."

"എന്തുവാടാ...അവൻ പൊട്ടനൊന്നുമല്ല ആവശ്യമില്ലാതെ സംസാരിക്കാറില്ല എന്നെ ഉള്ളൂ."

"ഓഹ്..."

അത് പിടിക്കാത്ത രീതിയിൽ അരവിന്ദൻ ഒന്ന് നീട്ടി.

"ചേട്ടൻ ഞാൻ ചോയിച്ചത് പറ...അതാർക്ക് വേണ്ടി വാങ്ങികൊണ്ടു പോയതാ....ഇന്നലേം രാത്രി
കണ്ടല്ലോ...."

"ആഹ് അവനു വെച്ചുണ്ടാക്കി തിന്നാൻ ആയിരിക്കും,....നിനക്കിപ്പോൾ അറിഞ്ഞിട്ടെന്താ കാര്യം."

"എന്റെ പിള്ളച്ചേട്ട ഇതവനൊന്നുമല്ല.....
അവൻ ഇന്നും മൂന്ന് നേരോം ആഹ് വറീതേട്ടന്റെ കടേന്ന തിന്നത്....പിന്നവനെന്തിനാ ഈ അരീം സമാനോം ഒക്കെ....ഇതിലെന്തോ ഉണ്ട്...ഈ വരുത്തൻ ഇനി ഇവിടെ വല്ല കുറ്റിയെം ഒപ്പിച്ചോ എന്തോ....എന്തായാലും ഞാൻ ഒന്ന് പോയി വരാം."

"ഇവനിതെന്നാത്തിന്റെ കേടാ..."

ശിവന്റെ പുറകെ മറപറ്റി നീങ്ങാൻ തുടങ്ങുന്ന അരവിന്ദനെ നോക്കി പിള്ള പിറുപിറുത്തു.
സുജയുടെ വീടിനു മുന്നിലെ പടിക്കെട്ടിനു മുൻപിൽ വന്നിട്ട് അവൻ സഞ്ചിയുമായി കയറിപോവുന്നതും അല്പം കഴിഞ്ഞു വെറും കയ്യോടെ തിരികെ വരുന്നതും ചെരിവില് മരത്തിന്റെ മറയിൽ നിന്ന് അവൻ കണ്ടു.
അവിടുന്നിറങ്ങി നടന്നു പോവുന്ന ശിവനെയും മുകളിലെ സുജയുടെ വീടും നോക്കി, മുറുമുറുത്തുകൊണ്ട് അരവിന്ദൻ തിരികെ നടന്നു.
ശിവന്റെ സുജയുടെ വീട്ടിൽ നിന്നുള്ള വരവ് അവന്റെ ഉള്ളിൽ പക നിറച്ചു കരുവാക്കുന്നിലെ ഒട്ടുമിക്ക ആണുങ്ങളെയും പോലെ സുജയുടെ വശ്യസൗന്ദര്യത്തിന്റെ ആരാധകൻ ആയിരുന്നു അരവിന്ദനും, ഇന്നല്ലെങ്കിൽ ഒരിക്കൽ ഏതെങ്കിലും വിധത്തിൽ ഭർത്താവില്ലാത്ത ജീവിക്കുന്ന സുജയെ കയ്യിൽ ഒതുക്കാൻ കഴിയുമെന്ന് കരുതി നടക്കുന്ന അരവിന്ദന് ശിവന്റെ കാര്യത്തിൽ അസൂയ തോന്നി, അസൂയ പക ആയി മാറാൻ അധികം നേരം വേണ്ടി വന്നില്ല.
തിരികെ നടക്കുമ്പോൾ അരവിന്ദന്റെ ഉള്ളിലെ വൃത്തികെട്ടവൻ ഉണരുകയായിരുന്നു.
********************

സുജയുടെ മുന്നിൽ ഇരുന്ന സഞ്ചി കയ്യിലേക്കെടുത് സുജ അകത്തേക്ക് നടന്നു, പെട്ടെന്ന് മുന്നിൽ കണ്ടപ്പോൾ വേണ്ട എന്ന് പറയാൻ കഴിഞ്ഞില്ല,ശിവന്റെ ഉള്ളിലെന്താണെന്നും അവൾക്ക് തിരിച്ചറിയാൻ ആയില്ല.
സഞ്ചിയുടെ ഉള്ളിൽ കൂടുതൽ അരി ഉണ്ടായിരുന്നു ഒപ്പം കുറച്ചു പച്ചക്കറികളും പൊടികളും ഒരു ചെറിയ കടലാസിൽ പൊതിഞ്ഞ നിലയിൽ കുറച്ചു രൂപയും.
അടുക്കളയിലേക്ക് ഓരോന്നും എടുത്തു വയ്ക്കുമ്പോൾ വേണോ വേണ്ടയോ എന്ന ചിന്ത അവളെ അലട്ടുന്നുണ്ടായിരുന്നു.

***************

പിന്നീടുള്ള ദിവസങ്ങളിൽ ഒരു നിഴൽ പോലെ അരവിന്ദൻ ശിവന്റെ പിന്നിൽ

ഉണ്ടായിരുന്നു.
എങ്കിലും ഒന്നും കൂടുതലായി കണ്ടെത്താൻ ആയില്ല, സുജയും ശിവനും തമ്മിൽ പിന്നീട് കാണാത്തതും അവനിൽ അല്പം സന്തോഷം നിറച്ചു.
***************

അന്നൊരു ശനിയാഴ്ചയായിരുന്നു, കവലയിലൂടെ ശ്രീജയും സുജയും വീട്ടിലേക്ക് നടന്നു വരുകയായിരുന്നു.

"ധക്ക് ധക്ക്...##$$"

ഇറച്ചിക്കടയിലെ പതിവ് സ്വരം ഉയർന്നു കേട്ടതും സുജയുടെ കണ്ണുകൾ പെട്ടെന്ന് അങ്ങോട്ട് തിരിഞ്ഞു, അന്ന് സഞ്ചി കൊണ്ട് വന്നതിനു ശേഷം പിന്നീട് സുജ ശിവനെ കണ്ടിട്ടില്ല,
കടയിലേക്ക് നോക്കിയ സുജ കാണേണ്ട ആളെ കാണാതെ കടയ്ക്ക് ചുറ്റും വീണ്ടും വീണ്ടും കണ്ണോടിച്ചു.
കടയിൽ പതിവിന് വിപരീതമായി വീരാൻ കുട്ടി ആയിരുന്നു വെട്ടാൻ നിന്നിരുന്നത്, കടയ്ക്ക് മുന്നിൽ വാങ്ങാൻ വന്നവരും കൂടിയിട്ടുണ്ടായിരുന്നു.
സുജയുടെ കണ്ണുകൾ വീണ്ടും വീണ്ടും കടയ്ക്കുള്ളിലും കൂടി നിന്നവരുടെ ഇടയിലും ഓടി നടന്നു.

"ശിവൻ എന്ത്യേ വീരാനെ... അവനെ പറഞ്ഞു വിട്ടോ...."

"ഒന്നും പറയേണ്ട ജോസേ, രണ്ടീസമായിട്ട് ഓന് ഒടുക്കത്തെ പനി അതോടെ എന്റെ കാര്യം കഷ്ടത്തിലായി എന്ന് പറഞ്ഞാൽ മതീലോ....ഇനി മാറിയിട്ട് വരട്ട്."

തിരക്കിനിടയിൽ വീരാൻ മറുപടികൊടുത്തുകൊണ്ട് വീണ്ടും ഇറച്ചി നുറുക്കാൻ തുടങ്ങി.
വീരാന്റെ മറുപടികേട്ട സുജയുടെ ഉള്ളിലും എന്തോ ഒരു നോവ് പടർന്നു, ശിവന് വേറെ ആരും ഇല്ലെന്നു കുന്നിലെ എല്ലാവർക്കും അറിയുന്ന കാര്യമാണ്. പുഴക്കരയിൽ ഒരു കുടിൽ കെട്ടിയാണ് താമസം,....ഒരാവശ്യത്തിന് പോലും ആരും ഉണ്ടാവില്ല എന്നറിഞ്ഞപ്പോൾ സുജയ്ക്ക് വല്ലാതെ ആയി.

"ഡി പെണ്ണേ എന്തോ നോക്കി നിക്കുവാ, ഇങ്ങ് നടന്നെ...."

ആലോചനയിൽ മുഴുകി വഴിയിൽ തന്നെ നിന്ന സുജ ശ്രീജയുടെ വാക്കുകൾ കേട്ടാണ് പെട്ടെന്ന് നടന്നു തുടങ്ങിയത്.
അന്ന് മുഴുവൻ അവളുടെ ചിന്തകൾ ശിവനെ ചുറ്റിപറ്റി ആയിരുന്നു....പനി പിടിച്ചു കിടക്കുന്ന ശിവനെക്കുറിച്ചു ആലോചിക്കുമ്പോൾ എല്ലാം അവളുടെ മനസ്സ് വിങ്ങുന്നത് എന്തിനാണെന്ന് അവൾക്ക് മനസ്സിലായില്ല...
ഏറ്റവും അത്യാവശ്യഘട്ടത്തിൽ ജീവൻ രക്ഷിച്ച ആളോട് തോന്നുന്ന ഒരു സഹാനുഭൂതിയായി കണ്ട് അവൾ സ്വയം ആശ്വസിക്കാൻ ശ്രെമിച്ചു.

*******************

"ശ്രീജേച്ചി ഞാൻ കുറച്ചു ചുള്ളി നോക്കാൻ പോവുവാ...മോള് മുൻപിൽ കുട്ടുവിന്റെ കൂടെ കളിക്കുന്നുണ്ട്...ഒന്ന് നോക്കിയെക്കണേ...."

"ഡി പെണ്ണെ ഞാനൂടി വരണോ...."

തന്നോട് പോവുന്ന കാര്യം പറയാൻ വന്ന സുജയോട് ശ്രീജ ചോദിച്ചു.

"വേണ്ടേച്ചി...ഞാൻ പോയിട്ട് വേഗം ഇങ്ങു പോരാം...."

ഞായറാഴ്ച്ച രാവിലെ വീട്ടിലെ പണിയൊതുക്കി അവൾ വീട്ടിൽ നിന്നുമിറങ്ങി.
ഓരോ അടി നടക്കുമ്പോഴും അവളുടെ മനസ്സ് ഇരുത്രാസുള്ള തുലാസിൽ തൂങ്ങിക്കൊണ്ടിരുന്നു.
പുഴക്കരികിലേക്കും കാട്ടിലേക്കും പോവാനുള്ള വഴിക്കു നടുവിൽ സുജ നിന്നു.
വീട്ടിൽ നിൽക്കുമ്പോൾ മനസ്സിൽ തീരുമാനിച്ചിരുന്നു, പക്ഷെ വഴിയിൽ നിൽക്കുമ്പോൾ അവൾ വീണ്ടും ചിന്താകുഴപ്പത്തിലായി,

"ഇല്ല ഒന്ന് പോയി നോക്കണം ആരുമില്ലാത്ത ആളല്ലേ...പോയില്ലെങ്കിൽ അത് നന്ദികേടാണ്...."

മനസ്സിൽ ഒരു തീരുമാനം തെളിഞ്ഞതോടെ അവൾ വേഗത്തിൽ പുഴക്കരയിലേക്ക് നടന്നു.
തെളിഞ്ഞൊഴുകുന്ന കുന്നിപ്പുഴകടവിൽ മരങ്ങൾ തുടങ്ങുന്ന ഭാഗത്ത് അവൾ കുടിൽ കണ്ടു, മരത്തിന്റെ പാളികൊണ്ടു കെട്ടി ഉണ്ടാക്കിയെടുത്ത ഒരു കുഞ്ഞു കുടിൽ മേലെ ഷീറ്റ് വലിച്ചു കെട്ടിയിട്ടുണ്ട് ഒന്ന് ചുറ്റും നോക്കി കൊണ്ടവൾ അങ്ങോട്ട് നടന്നു,
പക്ഷെ അവളറിയാതെ അരവിന്ദന്റെ കണ്ണുകൾ അവൾ വീട് വിടും മുൻപേ പിറകിൽ ഉണ്ടായിരുന്നു.

അഞ്ചു വര്ഷം മുൻപാണ് ശിവൻ കരുവാക്കുന്നിൽ എത്തിയത്, അധികം ആരോടും സംസാരിക്കാറില്ല, എല്ലാത്തിനും മിക്കപ്പോഴും ഒരു കുഞ്ഞു പുഞ്ചിരി തന്നു നീങ്ങും, കണ്ടാൽ മുപ്പതിന് താഴെയെ പ്രായം തോന്നു, എന്ത് ജോലിയും ചെയ്യും കൂപ്പിൽ പണിയെടുക്കാൻ പോവും വിറകുവെട്ടും, ശനിയും ഞായറും എല്ലാം വീരാന്റെ കടയിൽ ഇറച്ചിവെട്ടും ഒക്കെ ആയി അധ്വാനിയാണ് ശിവൻ അതുകൊണ്ടു തന്നെ ഉറച്ച കല്ല് പോലുള്ള ശരീരത്തിൽ പേശികൾ തിങ്ങി തിളങ്ങിയിരുന്നു, കരുവാക്കുന്നിലെ പെണ്ണുങ്ങളുടെയെല്ലാം സ്വപ്നങ്ങളിലെ രഹസ്യ കാമുകൻ കൂടി ആയിരുന്നു ശിവൻ,
അവൻ പക്ഷെ എല്ലാവരോടും ഒരു അകലം പാലിച്ചു ജീവിച്ചു പോന്നു....
ഒറ്റയ്ക്ക് ഈ കുടിൽ പുഴയോരത്തു കെട്ടിയതും എല്ലാവരിൽ നിന്നും ഒരു അകലം അവൻ ആഗ്രഹിച്ചിരുന്നതുകൊണ്ടുമാണ്.

കുടിലിനടുത്തേക്ക് നടക്കുമ്പോൾ സുജയുടെ മനസ്സിലെ ധൈര്യവും അതായിരുന്നു, ആരും ശിവനെക്കുറിച്ചു ഒരു പരാതിയും പറഞ്ഞിട്ടില്ല ഒരു പെണ്ണുപോലും അവന്റെ നോട്ടത്തേയോ സംസാരത്തെയോ കുറിച്ച് കുറ്റം പറഞ്ഞിട്ടില്ല, പലപ്പോഴും നാട്ടിലെ ഞരമ്പ് രോഗികളുടെ ഇടയിൽ നിന്നും നേരിട്ടല്ലെങ്കിൽക്കൂടി അവൻ പലരെയും രക്ഷിച്ചതും പെണ്ണുങ്ങൾ ഫാക്ടറിയിൽ കൂടുമ്പോൾ പറയാറുണ്ട്,
കരുവാക്കുന്നുകാർക്ക് ഇടയിൽ ശിവൻ ഒരു പ്രഹേളിക ആയിരുന്നു.

ആലോചിച്ചുകൊണ്ട് സുജ കുടിലിന് മുന്നിൽ എത്തിയിരുന്നു.
ചാരിയിട്ടിരുന്ന വാതിലിൽ കൈ വച്ചുകൊണ്ട് സുജ ഒന്ന് സന്ദേഹത്തോടെ നിന്നു, കതകിൽ ഒന്ന് രണ്ടു തവണ മടിച്ചാണെങ്കിലും മുട്ടി, അകത്തു നിന്ന് മറുപടി ഒന്നും കിട്ടാതെ ആയപ്പോൾ പോയാലോ എന്ന് തോന്നിയെങ്കിലും, ഒരു തോന്നലിൽ അവൾ വാതിൽ പതിയെ തുറന്നു,
കണ്ണ് പോയത് നിലത്തേക്കാണ്, അവിടെ ഒരു കരിമ്പടം കഴുത്തുവരെ പുതച്ച നിലയിൽ അവൻ കിടന്നിരുന്നു.
പനമ്പായ തിണ്ണയിൽ വിരിച്ചു അതിന്മേൽ കിടന്നു വിറച്ചു തുള്ളുന്ന ശിവനെ കണ്ടതും സുജ വല്ലാതെ ആയി.
അകത്തു കടന്നു ശിവന് അരികിൽ അവൾ ഇരുന്നു.
ചുരുണ്ടുകൂടി വിറക്കുന്ന ശിവൻ വ്യക്തമല്ലാതെ എന്തോ പിറുപിറുക്കുന്നുണ്ടായിരുന്നു, ചുണ്ടിനു പുറത്തേക്ക് വരാതെ ആഹ് വാക്കുകൾ പലപ്പോഴും മുറിഞ്ഞു പോയിക്കൊണ്ടിരുന്നു.
ഒരു നിമിഷം എന്ത് ചെയ്യണമെന്നറിയാതെ നിന്ന സുജ അവന്റെ നെറ്റിയിലൊന്നു കൈ വച്ച് നോക്കി.

"ദേവീ....പൊള്ളുന്ന ചൂടാണല്ലോ....എന്താ ചെയ്യാ..."

വിഷമിച്ചു ചുറ്റും പരതിയ സുജ ഒരു വശത്ത് ഇരുന്ന ചെറിയ കലവുമെടുത്തു വേഗം പുഴക്കരയിലേക്ക് നടന്നു. പുഴയിൽ നിന്നും വെള്ളം നിറച്ച കലവുമായി കുടിലിലെത്തി, ഒരു തുണി കീറി വെള്ളം നനച്ചു അവന്റെ നെറ്റിയിൽ വെച്ചു,
അടുപ്പിന്റെ കല്ലുകൾ കണ്ട സുജ അതിലേക്ക് വിറകും ചുള്ളിയും കയറ്റി വച്ച് തീ കൊടുത്തു, ഊതി കത്തിച്ച തീ ആളി തുടങ്ങിയപ്പോൾ കലം അതിലേക്ക് വച്ചുകൊടുത്തു,.
വെള്ളം തിളക്കാൻ വെച്ചിട്ട് സുജ തിരികെ ശിവന്റെ അടുത്തെത്തി.

"അതെ...എന്തേലും കഴിച്ചോ...ഞാൻ വേണേൽ എന്തേലും എടുത്തുകൊണ്ടു വരാം..."

അവ്യക്തമായി ഒന്ന് മൂളിയതല്ലാതെ അവനിൽ നിന്നും മറ്റൊന്നും വന്നില്ല, തിളച്ചു തുടങ്ങിയ വെള്ളം കണ്ടതും സുജ അവിടേക്ക് ചെന്നു ഒരു ചെറുകുപ്പിയിൽ

കുറച്ചു കാപ്പിപ്പൊടി അവൾ കണ്ടിരുന്നു, അതിനടുത്തുതന്നെ ഉറുമ്പ് കയറിയ നിലയിൽ കരിപ്പെട്ടിയും,
കാപ്പിപ്പൊടി ഇട്ടു ഗ്ലാസ്സിലേക്ക് പകർത്തിയ കാപ്പിയിലേക്ക് കരിപ്പെട്ടി കൂടി അവൾ ചേർത്തു.

"എഴുന്നേൽക്ക് ഇത്തിരി ചൂട് കാപ്പി കുടിച്ചു കഴിഞ്ഞാൽ കുറച്ചു ആശ്വാസം കിട്ടും..."

അവനെ തട്ടി വിളിച്ചെങ്കിലും ഒട്ടും വയ്യാതെ അവൻ അനങ്ങാതെ കിടന്നു.
അതോടെ പായയിൽ ഇരുന്ന സുജ അവനെ വലിച്ചു പൊക്കി അവളുടെ മാറിലേക്ക് ചേർത്ത് പിടിച്ചു, ഊർന്നു പോകാതെ ഇരിക്കാൻ വട്ടം കൈകൊണ്ടു താങ്ങി.
ശിവന്റെ മുഖം അപ്പോൾ അവളുടെ മാറിലായിരുന്നു, തലയിൽ പിടിച്ചു അവന്റെ ചുണ്ടിലേക്ക് ഊതി ആറ്റിയ കാപ്പി അവൾ പകർന്നു കൊടുത്തുകൊണ്ടിരുന്നു,
ശിവന്റെ കണ്ണിൽ നിന്നും ഉരുണ്ടിറങ്ങിയ കണ്ണീർ അവളെയും വല്ലാതെയാക്കി, കണ്ണുകൾ തുറക്കാൻ പോലും കഴിയാതെ ശിവൻ അത്രയും തളർന്നു പോയിരുന്നു.
ചുണ്ടിനിടയിലൂടെ ഒഴുകിയിറങ്ങിയ കാപ്പി അവൾ സാരിതുമ്പാൽ തുടച്ചെടുത്തു, ഗ്ലാസ്സൊഴിഞ്ഞപ്പോൾ അവനെ അവൾ മടിയിൽ കിടത്തി പുതപ്പുകൊണ്ട് മൂടി തലോടി കൊടുത്തു.
പതിയെ മയക്കത്തിലേക്ക് വീണ അവനെയും വഹിച്ചുകൊണ്ട് അവൾ അവിടെത്തന്നെ ഇരുന്നു,
സമയം പോവുന്നതിന്റെ നിലയറിഞ്ഞപ്പോൾ വേറെ വഴി ഇല്ലാതെ അവൾ പായയിലേക്ക് അവനെ കിടത്തി പുതപ്പിച്ചുകൊടുത്തു.
കുടിലിൽ നിന്നിറങ്ങുമ്പോൾ അവളുടെ മനസ്സ് ആർദ്രമായിരുന്നു, ഈ അവസ്ഥയിൽ അവനെ വിട്ടു പോരുന്നതിലുള്ള സംഘർഷം അവളിൽ തന്നെ ഒതുക്കി അവൾ വേഗം പുഴക്കരയിൽ നിന്നും തിരികെ നടന്നു.
*****************

തിങ്കൾ അതിരാവിലെ ഗ്രാമം ഉണരും മുൻപ് സുജ ഉണർന്നു.
തലേന്ന് വച്ച ചോറ് വെള്ളം ചൂടാക്കി അതിലേക്കൊഴിച്ചു കഞ്ഞിയാക്കി അവൾ പുലരും മുൻപ് വീട് വിട്ടിറങ്ങി ആരും അറിയാതെ പുഴക്കരയിലെ കുടിലിൽ അവൾ എത്തി തുറന്നു അകത്തു കയറുമ്പോൾ തണുപ്പിൽ വിറച്ചുകൊണ്ട് ശിവൻ കിടപ്പുണ്ടായിരുന്നു,
കൊണ്ടുവന്ന കഞ്ഞി അവൻ കാണാൻ പാകത്തിന് വച്ച് കാപ്പി തിളപ്പിച്ച ശേഷം സുജ തിരികെ വീട്ടിലേക്ക് പോയി.
പാതിബോധത്തിൽ സുജ വരുന്നതും പോവുന്നതുമെല്ലാം ശിവൻ അറിയുന്നുണ്ടോ എന്ന് പോലും സുജ അറിഞ്ഞിരുന്നില്ല
അവളുടെ മുന്നിൽ ഒരിക്കൽ തന്റെയും മോളുടെയും ജീവൻ രക്ഷിച്ചവനോടുള്ള കടപ്പാട് മാത്രം ഉയർന്നു നിന്നിരുന്നു.

*****************

"പിള്ള ചേട്ടോ....ഇന്ന് നമുക്കൊന്ന് കൂടണം.."

കടയും തുറന്നു ഇരുന്ന പിള്ളയുടെ അടുത്തേക്ക് വന്നുകൊണ്ട് അരവിന്ദൻ പറഞ്ഞു.

"എന്നാടാ...പെട്ടെന്നൊരു വെളിപാട്...."

"ആഹ് വെളിപാട് തന്നെയാന്നു കൂട്ടിക്കോ.....ശിവന്റെ ആളെ കിട്ടി...അറിഞ്ഞ പിള്ള ചേട്ടൻ ഞെട്ടും,...."

"ഏഹ്...ആരാടാ....!!!"

ആകാംഷയോടെ പിള്ള ചോദിച്ചു...

"ഹോ ഇപ്പോൾ എന്താ ഒരു ഉത്സാഹം...ഞാൻ പറഞ്ഞപ്പോൾ എന്തായിരുന്നു...."

"ഹ നീ അതൊക്കെ വിട്, നീ ആരാന്നു പറ..."

"അതിങ്ങനെ പറയേണ്ടതോന്നും അല്ലെൻറെ ചേട്ടോ...രണ്ടെണ്ണം കീറിയിട്ടു പറയേണ്ടതാ..."

"ആഹ്, എങ്കിൽ നീ വൈകീട്ടാട്ടെ കുപ്പീം മേടിച്ചോണ്ട് വീട്ടിലോട്ടു പോര്, നിന്റെ ആഗ്രഹം പോലെ രണ്ടെണ്ണം വിട്ടോണ്ട് കേൾക്കാം..."

"അയ്യട, കുപ്പി,.... പിള്ളചേട്ടന് ആളെ അറിയണമെങ്കിൽ കുപ്പി വാങ്ങി വെക്ക് വൈകീട്ട് ഞാൻ അങ് എത്തിയേക്കാം....."

" ഹ, ഡാ അരവിന്ദ...നിക്കടാ പറയട്ടെടാ..."

"ഒന്നും പറയണ്ട വൈകിട്ട് ഞാൻ വരാം കുപ്പിയുണ്ടേൽ ആളെ പറയാം, ഇല്ലേൽ ഇല്ല..."

പിള്ളയുടെ മറുപടിക്ക് കാക്കാതെ അരവിന്ദൻ നടന്നു നീങ്ങി.

ആരായിരിക്കും ശിവന്റെ ആള് എന്നുള്ള ചിന്തയിൽ പിള്ള കടയിലിരുന്നു അപ്പോഴും രാത്രി ശിവന് കൊടുക്കാൻ കുപ്പി എങ്ങനെ സ്വന്തം കാശു കൊടുത്തു വാങ്ങും എന്നുള്ള ചിന്തയിൽ ആയിരുന്നു പിശുക്കൻ എന്ന് കൂടി പേരെടുത്തിട്ടുള്ള പിള്ളയുടെ ഉള്ളിൽ.

------------------------




"ദാ പിടി നീ പറഞ്ഞ കുപ്പി ഇനി പറ ആരാ ആള്..."

ആളാരാന്നറിയാതെ ഇന്നിനി തനിക്ക് ഉറക്കം കിട്ടില്ല എന്നറിയാവുന്ന പിള്ള കടയും പൂട്ടി വരുന്ന വഴി അരവിന്ദനെ സന്തോഷിപ്പിക്കാൻ കോരയുടെ അടുത്ത് നിന്ന് കൊട്ടുവടിയും വാങ്ങിയാണ് വീട്ടിൽ എത്തിയത്,
അരവിന്ദൻ വന്നപാടെ അവന്റെ കയ്യിലേക്ക് കുപ്പിയും കൊടുത്തു പിള്ള തന്റെ ചോദ്യം എറിഞ്ഞു.

"ഒന്നടങ്ങ് പിള്ളച്ചേട്ട....നമുക്ക് ഒരൊന്നങ്ങ് വിടാം അപ്പോഴേ അതൊക്കെ പറയാനും

കേൾക്കാനും ഒക്കെ ഉള്ള ഒരു സുഖം കിട്ടൂ...."

പിള്ളയുടെ വീടിന്റെ വരാന്തയിലേക്ക് കയറി ഇരുന്നുകൊണ്ട് അരവിന്ദൻ പറഞ്ഞു, വെരുകിനെ പോലെ പിള്ളയും അവനോടൊപ്പം ഇരുന്നു.

"ഡി ഭാനുവേ....രണ്ടു ഗ്ലാസും തൊട്ടു കൂട്ടാൻ എന്തേലും കൂടി ഇങ്ങെടുത്തോ..."

വൈകികാതെ ഇരിക്കാൻ പിള്ള അകത്തേക്ക് വിളിച്ചു പറഞ്ഞതും അരവിന്ദന്റെ കണ്ണുകൾ തിളങ്ങി,
ആഹ് തിളക്കത്തിനുള്ള ഉത്തരവുമായി പിള്ളയുടെ ഭാര്യ ഭാനുമതി വാതിലിൽ പ്രത്യക്ഷപ്പെട്ടു, നാൽപ്പതു കഴിഞ്ഞ ഉരുണ്ടു കൊഴുത്ത സ്ത്രീ, വെളുത്തു വട്ട മുഖവും ചുവന്ന് ചോര ചുണ്ടുകളും കാമം സ്പുരിക്കുന്ന കണ്ണുകളും,
കൊഴുത്ത ദേഹം ബ്രഹ്മാവിനോട് ചോദിച്ചു വാങ്ങിയതുപോലെ ബ്ലൗസിന് താങ്ങാൻ കഴിയാത്ത ചക്ക മുലകളും തുളുമ്പുന്ന വയറും മുണ്ടിനൊളിപ്പിക്കാൻ കഴിയാത്ത ചാടി തൂങ്ങിയ ചന്തിയുമായി ഭാനുമതി എന്ന മദാലസ പുറത്തേക്ക് വന്നപ്പോൾ കുതിച്ചു പൊങ്ങിയ കുണ്ണ അരവിന്ദൻ പിള്ള കാണാതെ ഒളിപ്പിച്ചു,
എങ്കിലും കടക്കണ്ണാൽ ഭാനുമതി അത് കണ്ടത് അവളുടെ ചിരിയിൽ നിന്നും അരവിന്ദന് മനസ്സിലായി,
വരാന്തയിലേക്ക് ഇറങ്ങി അവരുടെ മുന്നിൽ ആവശ്യത്തിലധികം താഴ്ന്നു അരവിന്ദന് തന്റെ കുചകുംഭങ്ങളുടെ യഥാർത്ഥ വിരിപ്പ് കാണിക്കുമ്പോൾ ഈരിഴ തോർത്തു ഇളകിമാറി,
പാൽകട്ടി പോലെ വെളുത്ത തേങ്ങാപോലുള്ള മുലകൾ പകുതിയിലധികവും അവനു മുന്നിൽ അനാവൃതമായി,
തൊണ്ടയിലൂടെ കൊതിവെള്ളമിറക്കുന്ന അരവിന്ദനെ നോക്കി ഇളകി ചിരിച്ചുകൊണ്ട് ഭാനു നിവർന്നു നിന്നു.

"ഇന്ന പിടിയെടാ....എന്നിട്ടു നീ പറ"

ഭാനുവിന്റെ വശ്യതയിൽ മയങ്ങിപ്പോയ അരവിന്ദൻ പിള്ള നീട്ടിയ ഗ്ലാസ് കണ്ടാണ് ഉണർന്നത്.

"ആരുടെ കാര്യ നിങ്ങളു പറയുന്നേ..."

അരവിന്ദനെ ഉറ്റുനോക്കി ഭാനു ചോദിച്ചു.

"അത്....അത് ഭാനുവേച്ചി...."

"എടിയെ, നമ്മുടെ ശിവന് ഇവിടെ ഉള്ള ഏതോ പെണ്ണുമായിട്ട് ബന്ധം ഉണ്ടെന്നു ആരാണെന്നു ഇവനറിയാം അതാ ഞാൻ ഈ ചോദിക്കുന്നെ..."

"ശിവനോ.....നീ നേരാണോ പറയുന്നേ...."

ഭാനുമതിയുടെ കണ്ണിൽ. ശിവനെന്നു പറഞ്ഞപ്പോൾ കണ്ട തിളക്കവും ദാഹവും ആശ്ചര്യവും കണ്ട അരവിന്ദന്റെ ഉള്ളിൽ തീയാളി,
ഒറ്റ വലിക്ക് ഗ്ലാസിലെ കൊട്ടുവടി കേറ്റി ചിറി തുടച്ച അരവിന്ദൻ ഭാനുമതിയുടെ നേരെ നോക്കി.

"അതെന്ന അവനു ഇതൊന്നും പറ്റുകേലെ....എന്തായാലും കാത്തിരുന്ന് പിടിച്ചത് ഒരൊന്നൊന്നര മുതലിൽ ആഹ്...."

അരവിന്ദൻ പറഞ്ഞത് കേട്ടതും പിള്ളയ്ക്ക് പിന്നെയും സമാധാനം ഇല്ലാത്ത അവസ്ഥയിൽ ആയി.

"നീ ആരാന്ന് പറേടാ....കുറെ ആയല്ലോ..."

ഗ്ലാസ്സിലുള്ള ഒന്ന് തീർത്തു അടുത്തത് ഒഴിച്ചുകൊണ്ട് പിള്ള അസ്വസ്ഥനായി.

"സുജ..."

അരവിന്ദൻ പറഞ്ഞത് കേട്ടതും ഒറ്റയിറക്കിന് പിള്ളയുടെ വായിലിരുന്ന ചാരായം വയറ്റിലെത്തി.

"പോടാ... ഇപ്പോൾ നീ പറയുന്നത് നുണയാണെന്നു ഉറപ്പായി..."

പുച്ഛച്ചിരിയുമായി ഭാനുമതി അരവിന്ദന്റെ വാദം പാടെ തള്ളി.
അതോടെ അരവിന്ദന്റെ പിടിച്ചു വച്ച എല്ലാ നിയന്ത്രണവും തെറ്റി.

"അതെന്നാ...ചേച്ചി....ഞാൻ കണ്ടതേ പറഞ്ഞിട്ടൊള്ളൂ...
പിള്ളച്ചേട്ടന്റെ കടേന്നു അരീം സമാനോം രണ്ടു ദിവസം ആഹ് ശിവൻ വാങ്ങിക്കൊണ്ടു പോയതിനു നിങ്ങടെ കേട്ട്യോൻ തന്നാ സാക്ഷി....അത് കൊണ്ട് പോയി സുജയുടെ വീട്ടിൽ കൊടുത്തത് ഞാനും കണ്ടതാ....ഇനി അത് പോട്ടെ, ആരും കാണാതെ ഒളിച്ചും പാത്തും സുജ എന്തിനാ അരവിന്ദന്റെ പുഴക്കരയിലെ കുടിയിൽ പോണേ....."

കിതച്ചുകൊണ്ട് അരവിന്ദൻ പറഞ്ഞതും കണ്ണും തള്ളി പിള്ള ഭാനുവിനെയും അരവിന്ദനെയും നോക്കി,

"ശ്ശെ....എന്നാലും ഇത്രേം ആണുങ്ങൾ ഇവിടെ ഉണ്ടായിട്ടും ആഹ് ഒരു ഗുണോം ഇല്ലാത്ത വരുത്തൻ ആഹ് പെണ്ണിനെ വളച്ചെടുത്തല്ലോ..."

നഷ്ടസൗഭാഗ്യത്തെ ഓർത്തുകൊണ്ട് പിള്ള വീണ്ടും കുപ്പി കമഴ്ത്തി.
താൻ പൈസ കൊടുത്തു വാങ്ങിയ ചാരായം അരവിന്ദനെക്കൊണ്ടു അങ്ങനെ മൂക്കു മുട്ടെ കുടിപ്പിക്കേണ്ട എന്ന പിശുക്കിന്റെ നാലാം പ്രമാണം ബോധം

മറയുമ്പോഴും തലയിൽ ഉണ്ടായിരുന്ന പിള്ളയ്ക്ക് അതൊരു വാശി കൂടി ആയിരുന്നു.
തിരിച്ചകത്തേക്ക് പോകുമ്പോൾ വെള്ളം നിറച്ച ബലൂണ് പോലെ ചാടിതുള്ളുന്ന ഭാനുമതിയുടെ പിന്നഴക് കണ്ട അരവിന്ദന്റെ ഉള്ളിൽ അപ്പോൾ മറ്റൊരു പൂത്തിരി കത്തിതുടങ്ങി.
പിള്ളയുടെ ഗ്ലാസ് നിറഞ്ഞൊഴിയുമ്പോൾ അരവിന്ദന്റെ ഗ്ലാസ് മുക്കാൽ ഭാഗത്തിലിരുന്നു മടുത്തു തുടങ്ങി.

ആടിക്കുഴഞ്ഞ പിള്ള പഴംതുണി കെട്ടുപോലെ അവസാനം വരാന്തയിൽ ചാഞ്ഞപ്പോൾ, അരവിന്ദന്റെ ചുണ്ടിലും ചിരി വിടർന്നു.
ഉറക്കത്തിലും ചാരായത്തിലും പിച്ചും പേയും വിളിച്ചു പറയുന്ന പിള്ളയെ ഒന്ന് തട്ടിയനക്കി ഉറപ്പു വരുത്തിക്കൊണ്ട് തൊട്ടുനക്കാൻ കൊണ്ടുവന്ന പ്ലേറ്റ്മായി അരവിന്ദൻ വീട്ടിലേക്ക് കയറി.
ആദ്യത്തെ കുഞ്ഞു ഹാളിലും അതിനടുത്തെ മുറിയിലും തന്റെ കണ്ണ് തേടുന്ന ആളെ കാണാതെ അവൻ മുന്നോട്ടു നടന്നു.
അടുക്കളയിൽ ഉയർന്നു കേട്ട തട്ടും മുട്ടും അവന്റെ കാലിനെ അങ്ങോട്ട് നീക്കി.
അടുക്കള പടിക്കപ്പുറം അവനെ കാത്തു ആഹ് കൊഴുത്ത സദ്യ കാത്തിരിക്കുന്നുണ്ടായിരുന്നു.
അടുപ്പിലെന്തോ ഊതിക്കൊണ്ടു നിന്ന ഭാനുവിന്റെ കൊട്ട പോലുള്ള ചന്തികൾ കള്ളിമുണ്ടിൽ വിടർന്നു നിന്നിരുന്നു.
ആഹ് ചന്തി കണ്ടതും അവൻ നിൽക്കകള്ളി ഇല്ലാതെ പൊന്തി ഉയർന്ന കുണ്ണയുമായി അവളുടെ അടുത്തേക്ക് നീങ്ങി.
പിറകിൽ ആളുണ്ടെന്ന് അറിഞ്ഞ ഭാനു നേരെനിന്നു തിരിഞ്ഞു നോക്കുമ്പോൾ വിറയ്ക്കുന്ന കയ്യിൽ പാത്രവുമായി വിയർത്തു നിൽക്കുന്ന അരവിന്ദനെയാണ്,

"എന്നാടാ തൊട്ടു നക്കാൻ കൊണ്ട് പോയത് തീർന്നോ...?"

അവനെ ഒന്ന് വലയ്ക്കാൻ വേണ്ടി ഭാനു ചോദിച്ചു.
വെളുത്തു കൊഴുത്തു ബ്ലൗസിൽ ഇറങ്ങിയിരുന്ന ഉരുണ്ട മുലകൾ കണ്ട് അരവിന്ദൻ സ്വപ്നലോകത്തേക്ക് എറിയപ്പെട്ടിരുന്നു.

"എന്നാടാ...."

തീ ചിതറുന്ന കണ്ണുകളുമായി ഭാനു അവനോടു ചോദിച്ചു.

"ചേച്ചീ....ഒരിക്കെ ഒരിക്കെ മാത്രം,...അവസരം ഒത്തു വന്നാൽ പരിഗണിക്കാം എന്ന് ചേച്ചി എന്നോട് ഒരിക്കെ പറഞ്ഞില്ലേ,....ഇപ്പോൾ, ഇപ്പോൾ അവസരം വന്നു, ഇനി....?"

അവളുടെ കണ്ണിൽ നോക്കി അത്രയും പറഞ്ഞു അവൻ നിന്ന് കിതച്ചു.

"എന്നിട്ടിപ്പോ അവസരം നല്ലതാണോ..."

അവനോടു അത്രയും പറഞ്ഞിട്ട് വീണ്ടും തിരിഞ്ഞു നിന്ന് അവശ്യത്തിലും അധികം കുനിഞ്ഞു നിന്നവർ അടുപ്പിൽ ഊതി,

പിന്നിലേക്ക് ചാടിയ ചന്തി കണ്ടതും അരവിന്ദന് പിന്നൊന്നും ആലോചിക്കാൻ ഒന്നും ഉണ്ടായിരുന്നില്ല അരവിന്ദന്റെ കയ്യിലെ പാത്രം ഊർന്നു വീണതും അവന്റെ കൈ ആളുടെ പിന്നിലെ കൊഴുപ്പ് ഞെരിച്ചു.
മുണ്ടിന് മേലേക്കൂടി കൂഴച്ചക്ക പോലുള്ള രണ്ടു ചന്തിപാതികളും കുഴച്ചുടക്കുമ്പോൾ ഭാനുമതി അടുപ്പിൽ തീ താഴ്ത്താൻ തുടങ്ങിയിരുന്നു.
വിടർന്ന ചന്തിയുടെ മിനുസം അറിയാൻ മുണ്ടിന്റെ കുത്തഴിക്കാൻ കൈകൊണ്ടുവന്ന അരവിന്ദന്റെ കയ്യിൽ ഭാനുവിന്റെ കൈ വന്നു.

"വായും കയ്യും നല്ലോണം കഴുകിയിട്ട് മുറിയിൽ പോയി ഇരിക്ക്."

അവളുടേതൊരു ആജ്ഞ പോലെ തോന്നിയ അരവിന്ദൻ മനസ്സില്ലാമനസ്സോടെ അവളെ വിട്ടു.
അടുക്കളയിൽ നിന്നും കയ്യും വായും കഴുകി ഇനി വരാൻ പോവുന്ന സുഖനിമിഷങ്ങൾ ഓർത്തുകൊണ്ട് അവൻ അടുക്കള വിട്ടു.
അടുപ്പിലെ തീകെടുത്തി അടുക്കള വാതിൽ അടച്ചു മുൻവശത്തേക്ക് നടക്കുമ്പോൾ ഒഴുകിയൊലിച്ച തേനിറങ്ങി തുടകൾ തമ്മിൽ തെന്നുന്നുണ്ടായിരുന്നു.
വരാന്തയിൽ കിടന്നു കൂർക്കം വലിക്കുന്ന പിള്ളയെ നോക്കി അവൾ മുറിയിലേക്ക് നടന്നു.
തോർത്ത് വരുംവഴി അഴിച്ചു കളഞ്ഞു ചിമ്മിനി കയ്യിലേന്തി ഇളകിയടിക്കുന്ന മുലകളും തെന്നികളിക്കുന്ന ചന്തിയുമായി അവൾ അരവിന്ദൻ ഇരുന്ന റൂമിൽ കയറി.

ഷർട്ടൂരി ഭാനുവിനായി കാത്തിരുന്ന അരവിന്ദൻ മുറിയിലേക്ക് വന്ന അവരെ കണ്ട് എഴുന്നേറ്റു നിന്നുപോയി.
മുടിയഴിച്ചിട്ട് ഓരോ അടിയിലും കുലുങ്ങുന്ന മുലയും ചാടിയ അടിവയറിൽ വട്ടക്കിണർ പോലെ കുഴിഞ്ഞ പൊക്കിളും, ചുവന്നു തുടുത്ത കവിളുമായി കാമ ദേവതയെപോലെ ആഹ് നാൽപ്പതുകാരി അവനെ നോക്കി നിന്നു.

"എന്റെ ഭാനുവേച്ചി...."

ചാടി വീണ അരവിന്ദൻ മുന്നിൽ നിന്ന ആഹ് നെയ്ക്കുംഭത്തിനെ കയ്യിലൊതുക്കി.
കനത്ത മുലകൾ ബ്ലൗസിൽ ഞെരിഞ്ഞു അവന്റെ നെഞ്ചിലമർന്നു അവന്റെ കൈകൾ അവളുടെ വയറിലും പുറത്തും ഒഴുകി നടന്നു, അവന്റെ ചുണ്ടുകൾ അവളുടെ മുഖത്ത് മുഴുവൻ മുത്തിയും ഉരച്ചും ആർത്തി കാണിച്ചു.
അവന്റെ കൈ ഉയർന്നു അവളുടെ മുലകളെ താങ്ങിയതും ഭാനുവിന്റെ കൈകൾ അവനെ അവരിൽ നിന്നടർത്തി മാറ്റി.

"എന്നതാ ഭാനുവേച്ചി...."

കിതച്ചു കൊതിപൂണ്ട് അവൻ ചോദിക്കുന്ന കേട്ട് കൂസലില്ലാതെ ഭാനു അവനെ നോക്കി നിന്നു.

"ഡാ എല്ലാം നിന്റെ ഇഷ്ടത്തിനല്ല എന്റെ ഇഷ്ടത്തിനുകൂടി നടത്താനാ ഞാൻ നിൽക്കുന്നത്, അതുകൊണ്ട് നീ ഒന്നടങ്."

"ഞാൻ എന്ത് വേണം എന്ന പറയുന്നേ..."

തുറിച്ചു ചാടിയ മുലക്കണ്ണിലേക്ക് നോക്കിക്കൊണ്ട് നാവു ഞൊട്ടി അരവിന്ദൻ ചോദിച്ചു.

"ആഹ് മുണ്ടൂരി മാറ്റി കാട്ടിലേലിരി."

കയ്യിൽ അപ്പോഴും ഇരുന്ന ചിമ്മിനി വെളിച്ചം കുറച്ചു മുറിയിലെ മേശയിലേക്ക് വച്ച
അവരുടെ ഭാവം കണ്ട അരവിന്ദൻ എങ്ങനെയെങ്കിലും അവരെ അനുഭവിച്ചാൽ മതി എന്നുള്ള വ്യഗ്രതയിൽ മുണ്ടുരിഞ്ഞു കളഞ്ഞു ഷെഡ്ഢിയും ഊരി കട്ടിലിൽ കയ്യും കുത്തി മലർന്നു ഇരുന്നു.
അവന്റെ കുണ്ണയെ നോക്കി ചുണ്ടുകടിച്ച ഭാനു അവന്റെ അടുത്തേക്ക് ചേർന്ന് നിന്നു, അവന്റെ മുഖം കയ്യിലെടുത്തു മുഖം താഴ്ത്തി. അവന്റെ ചുണ്ടിൽ ചപ്പി, സാഹചര്യത്തോടുയർന്ന അരവിന്ദൻ അവരുടെ ചന്തിയിൽ പിടിച്ചു ചേർത്ത് അവരുടെ ചുണ്ടുകളും ചപ്പി നുണഞ്ഞു. നാവുകൾ കൂടി പടവെട്ടി ഉമിനീരുകൾ അങ്ങോട്ടും ഇങ്ങോട്ടും വലിച്ചു കുടിച്ചു അവർ വിട്ടുമാറി.

"ചേച്ചിക്ക് പതുക്കെ ആണല്ലേ ഇഷ്ടം...."

ഭാനുവിന്റെ ഇടുപ്പിൽ ഞെരിച്ചുകൊണ്ട് അരവിന്ദൻ ചോദിച്ചു.

"പിന്നെ, കയറിവന്നു ആർത്തിമൂത്തു നിരങ്ങിപോവാൻ ആണേൽ എനിക്കങ്ങേരു പോരെ."

പറഞ്ഞു തീർന്ന ഭാനു അവന്റെ തല പിടിച്ചു തന്റെ നെയ്പോലെ കുഴഞ്ഞ വയറിൽ ഇട്ടുരച്ചു.

"നക്കട,.... എന്റെ പൊക്കിളിൽ നാവിട്...,"

ഭാനുവിന്റെ ഉദ്ദേശം മനസ്സിലായ അരവിന്ദൻ പിന്നെ ഒന്നും നോക്കിയില്ല അവളുടെ വയറിൽ ചെറു കടികൾ നൽകി, നാവുകൊണ്ട് ആഹ് പതുപതുപ്പിൽ മുഴുവൻ ഉഴിഞ്ഞു.

കിണർ പോലെ ആഴത്തിലുള്ള അവളുടെ പൊക്കിളിൽ നാവിട്ടു വലിച്ചതും തേങ്ങിക്കൊണ്ട് ഭാനു അവന്റെ മുടിയിൽ അള്ളിപ്പിടിച്ചു.

"ആഹ്....അങ്ങനെ..."

അവളുടെ കാമകരച്ചിൽ കേട്ടുകൊണ്ട് അവൻ അവന്റെ നാവ് വീണ്ടും വീണ്ടും പൊക്കിളിൽ കുത്തിയിളക്കി.
പിടി വിട്ടു പോവുമെന്നു തോന്നിയ ഭാനു അവനെ അടർത്തി മാറ്റി കട്ടിലിലേക്ക് കിടത്തി.
അവനെ തന്നെ നോക്കിക്കൊണ്ട് ബ്ലൗസിന്റെ ഓരോ ഹൂക്കുകൾ അവൾ ഊരുമ്പോൾ അവന്റെ കണ്ണുകൾ മിഴിഞ്ഞു വന്നു, അവസാനത്തെ ഹുകും ഊരി വിയർത്തു പറ്റി ദേഹത്തോട് ചേർന്ന് കിടന്ന ബ്ലൗസ് ഊരിയെറിഞ്ഞു, കുലുങ്ങി മറിഞ്ഞ വെണ്മുലകൾ അവളുടെ വയറിൽ ചാഞ്ഞു വിശ്രമിച്ചു.
തേങ്ങ ചേർത്ത് വെച്ചപോലെ വിളഞ്ഞ വലിയ മുലകളും അതിന്റെ തുമ്പു മുഴുവൻ പരന്നു കിടക്കുന്ന കറുത്ത ഏരിയോളയും തുറിച്ചു ഒരിഞ്ചു നീളത്തിൽ ചാടി നിക്കുന്ന കറുകറുത്ത മുന്തിരിഞെട്ടും കണ്ടതോടെ അരവിന്ദൻ ഗ്രഹണിപിടിച്ച പോലെ അമറി.

കിലുകിലെ ചിരിച്ചുകൊണ്ട് ഭാനുമതി കട്ടിലിലേക്ക് നിരങ്ങി കയറി അവന്റെ വയറിൽ ഇരുന്നു.

"കൊതിപ്പിക്കാതെ താ ചേച്ചീ... കണ്ടിട്ട് സഹിക്കാൻമേല..."

കൊതിവെള്ളം ഒലിപ്പിച്ചുകൊണ്ട് അരവിന്ദൻ പറഞ്ഞതുകേട്ട ഭാനുവിന്റെ ചുണ്ടിൽ വീണ്ടും ചിരി നിറഞ്ഞു.

"ഇത് തന്നാൽ നീ എന്തൊക്കെ ചെയ്യും..."

വശ്യതയോടെ അവനെനോക്കി ഭാനു ചോദിച്ചു.
കയ്യിലിട്ടു കുഴച്ചു ഉടക്കും, ചപ്പി വലിച്ചു പാല് പിഴിഞ്ഞെടുക്കും അവസാനം പച്ചയ്ക്ക് ഞാൻ തിന്നുവെടി ചേച്ചീ...."

"ഹ ഹ ഹ.....എങ്കിൽ ന്നാ തിന്നോ..."

അവന്റെ കഴുത്തിനിരുവശവും കൈകുത്തി അവന്റെ മുഖത്തിന് നേരെ അവൾ മുല താഴ്ത്തി വച്ചതും, അവന്റെ കൈകൾ തൂങ്ങിയാടിയ മുലകളിലേക്ക് ചേക്കേറി.
അകിട് വലിക്കും പോലെ താഴെക്കവൻ ഓരോ വട്ടം വലിക്കുമ്പോഴും അര അവന്റെ വയറ്റിലുരച്ചു അവൾ മോങ്ങി.

"ഡാ ചപ്പിക്കുടിക്ക്....ആഹ്...."

ഭാനുമതി കരഞ്ഞു. അതുകേട്ടതും അരവിന്ദൻ തല ഉയർത്തി വട്ടത്തിലുള്ള വലിയ ഏരിയോള അടക്കം വായിലാക്കി ചപ്പി വലിച്ചു. മുലഞെട്ടിൽ ഉറിഞ്ചി വലിച്ചു അവൻ മുല കുടിക്കാൻ തുടങ്ങി.

"അങ്ങനെ തന്നെടാ..."

സുഖാധിക്യത്തിൽ ഭാനു കരഞ്ഞു.
ഒരു മുല പിഴിഞ്ഞ് മറ്റെമുല വലിച്ചു ചപ്പി കുടിക്കുന്ന അരവിന്ദന്റെ മുകളിലിരുന്നു ഭാനുമതി ഉരുകിയൊലിച്ചു.
ഒരു തിരിയലിൽ അവനെ തന്റെ മേലെയാക്കിയ ഭാനു ഒരു കൈകൊണ്ട് തന്റെ മുണ്ടിന്റെ കുത്തഴിച്ചു സ്വയം നഗ്നയായി,
അപ്പോഴും കൊതിമാറാതെ അവളുടെ മുല നാവിനാൽ പിഴിയുകയായിരുന്നു അവൻ,
കഷ്ടപ്പെട്ട് അവന്റെ തല മുലയിൽ നിന്നും വിടുവിച്ചു താഴേക്ക് തള്ളിയപ്പോഴാണ് അവൻ വയറിനു താഴെ വെളിവായ പൊന്തിയ പൂറും ഉരുണ്ടു തടിച്ച തുടകളും കണ്ടത്.
തന്റെ തല കാട് മറച്ച പൂറിലേക്ക് ഭാനു തള്ളുന്നത് കണ്ട അരവിന്ദൻ തല ഉയർത്തി അവരെ നോക്കി.

"ചേച്ചി ഞാൻ ഇതുവരെ അവിടെ ഒന്നും നക്കിയിട്ടില്ല..."

അല്പം സങ്കോചത്തോടെ അവൻ പറയുന്നതുകേട്ട ഭാനുവിന്റെ മുഖത്ത് ചിരി മാഞ്ഞു.

"പിന്നെ എന്ത് ഊമ്പനാട നീ ഇങ്ങോട്ട് കയറിയത്...
എനിക്ക് വേണ്ടത് തരാൻ ഒക്കുകേലേൽ, മുണ്ടും മുറുക്കിയുടുത്ത് ഇപ്പോൾ ഇറങ്ങിക്കൊൾണം, ഇവിടെ നിന്ന്..."

ഭാനുവിന്റെ മുഖത്തേക്ക് നോക്കിയ അരവിന്ദൻ വിറച്ചു പോയി.
അത് കണ്ട അവർ ഒന്ന് മയപ്പെട്ടു.

"നീ നിന്റെ കുണ്ണ ഇങ്ങു കൊണ്ട് വാ...",

അവന്റെ അരയിൽ കയ്യിട്ടു പിടിച്ചു പേടിച്ചു തളർന്ന കുണ്ണ അവൾ കയ്യിലിട്ടൊന്നു തൊലിച്ചടിച്ചു പിന്നെ വാ തുറന്നു വായിലേക്കെടുത്തു.
അവളുടെ വായിലെ ചൂടും നാവിന്റെ തഴുകലും ചുണ്ടിന്റെ ഉറിഞ്ചലും അറിഞ്ഞ കുണ്ണ കട്ടി വച്ച് വീർത്തു.

"ആഹ്...ചേച്ചി...നല്ല സുഖം....ഹാ..."

കുണ്ണയിൽ അറിഞ്ഞ സുഖത്തിൽ അരവിന്ദൻ മൂളാൻ തുടങ്ങി.

"ഹ വായും പൊളിച്ചു നിക്കാതെ എന്റെ പൂർ പൊളിച്ചു തിന്നട...",

ഭാനു കുണ്ണ വായിൽ നിന്നും മാറ്റി ഒന്നലറി.

അതോടെ കുണ്ണയിൽ അറിഞ്ഞ സുഖം ഇനി മുറിയാതെ ഇരിക്കാൻ അവൻ തല അവളുടെ കവക്കിടയിലേക്ക് പൂഴ്ത്തി.
തുടകൾ അകത്തി പിടിച്ചുകൊണ്ട് ഭാനു അവനെ സ്വാഗതം ചെയ്തു, ചെറിയ മൂത്രച്ചൂരും പാതി വെന്ത പോലുള്ള ആവിയും കുഴമ്പും ചേർന്ന് കലങ്ങിക്കിടന്ന ഭാനുവിന്റെ പൂറിലേക്ക് നോക്കി കിടന്ന അവൻ പെട്ടെന്നൊന്നു നിലവിളിച്ചു,
പൂറിന്റെ കടി കൂടിയ നിമിഷം ഭാനു അവന്റെ കുണ്ണയിൽ പല്ലു കൊണ്ട് നടത്തിയ പ്രയോഗത്തിലാണ് അരവിന്ദൻ കരഞ്ഞത്.
വീണ്ടും കടി കിട്ടാതിരിക്കാൻ പിന്നൊന്നും നോക്കാതെ കണ്ണുമടച്ചു അവൻ ആഹ് പൊന്തിയ പൂറു പിളർന്നു നാവിറക്കി നക്കാൻ തുടങ്ങി.
പുളിയും ഉപ്പും കലർന്ന രുചിയുള്ള ആഹ് അപ്പം ചൂടോടെ അവന്റെ നാവിൽ അലിഞ്ഞു.
അതോടെ ഭാനുവിൽ നിന്ന് മുക്കലും മൂളലുകളും ഉയർന്നു തുടങ്ങി.
ഇനി ഒന്നും നോക്കാൻ ഇല്ലാത്ത അരവിന്ദൻ പിന്നീട് നാവു മുഴുവൻ ആഹ് വിളഞ്ഞ പൂറ്റിലിളക്കി മറിച്ചു.
കുഴമ്പോഴുകി മെത്ത നനഞ്ഞു കുതിർന്നു തുടങ്ങി.
ഒരു വിറയലോടെ അര വെട്ടിച്ച ഭാനു പതിയെ കിടന്നു കിതച്ചു.
പിന്നെ തന്റെ മേലെ നിന്ന് അരവിന്ദനെ താഴേക്ക് കിടത്തി.

"എന്നാ പറ്റി ചേച്ചി...,"

അവളുടെ നേരെ കിടന്നു അരവിന്ദൻ ചോദിച്ചു.

"എനിക്ക് പോയതാടാ... ഹാവൂ എന്താ സുഖം.
നാവു കൊണ്ട് ഇങ്ങനൊന്നു നടത്തണം എന്ന് എന്റെ ഒരാഗ്രഹം ആയിരുന്നു.
അതെങ്ങനെയാ നമ്മുടെ നാട്ടിലെ ആണുങ്ങൾക്കെല്ലാം വീട്ടിലെ പെണ്ണുങ്ങളെ നേരാം വണ്ണം നോക്കാൻ കഴിയാതെ നാട്ടിലെ പെണ്ണുങ്ങളെ സുഖിപ്പിക്കാൻ നടക്കുവല്ലേ,
അവൾ പറഞ്ഞതിന്റെ പൊരുൾ മനസിലാക്കാൻ കഴിയാതെ കുണ്ണയെ ഉഴിഞ്ഞു കൊണ്ട് കിടക്കുകയായിരുന്നു അരവിന്ദൻ.
അത് കണ്ട ഭാനുവിന ചിരിയാണ് വന്നത്.

"കേറ്റിയടിക്കണോ അതോ ഒന്നൂടെ ചപ്പണോ..."

അവന്റെ കുണ്ണയിൽ ചുറ്റിപ്പിടിച്ചു ഭാനു ചോദിച്ചു.

"കേറ്റിയടിച്ചാൽ മതിയെന്റെ ചേച്ചീ....അല്ലേൽ ചിലപ്പോൾ പോവും."

"എന്ന മേലേക്കേറിക്കോടാ....ഇനി അത് കയ്യേലൊഴുക്കണ്ട..."

അത് കേട്ടതും ചാടിപ്പിടിച്ചു അവളുടെ മേലേക്കയറിയ അരവിന്ദൻ കവ വിടർത്തി പൂറു പൊളിച്ചു കുണ്ണ കയറ്റി ഊരിയടിക്കാൻ തുടങ്ങി.

അവന്റെ അടിയിൽ തട്ടിത്തെറിക്കുന്ന മുലകളും നാഭിയിൽ ഇടിക്കുന്ന വയറും,സഞ്ചി വന്നിടിക്കുമ്പോൾ ഉയരുന്ന ശബ്ദവും അവിടെ ഉയർന്നു.
കണ്ണുമടച്ചു വലിഞ്ഞു മുറുകിയ മുഖവുമായി എങ്ങനെയെങ്കിലും പാല് കളയണം എന്ന ഉദ്ദേശത്തിൽ വലിച്ചടിക്കുന്ന അരവിന്ദനെക്കണ്ട അവൾക്ക് പുച്ഛം തോന്നി.
അധികം വൈകാതെ തന്റെ പൂറിലേക്ക് ചൂട് പടർത്തി അരവിന്ദൻ അവളുടെ മാറിലേക്ക് വീണു വിറച്ചു.

"ഡാ അങ്ങേരെ പിടിച്ചു അകത്തിട്ടിട്ടു പോണേ..."

ഭാനുവിനെ കളിച്ചു ഉടുപ്പുമാറി മുറിക്ക് പുറത്തേക്ക് ഇറങ്ങാൻ തുടങ്ങിയ അരവിന്ദനെ നോക്കി ഭാനുമതി പറഞ്ഞപ്പോൾ അരവിന്ദൻ തലയാട്ടി.

"ഇനിയെപ്പോഴാ ചേച്ചി ഇതുപോലെ...."

അരവിന്ദൻ ചിരിയോടെ ചോദിച്ചപ്പോൾ ഭാനു വലിയ മുഖവിത്യാസം ഒന്നുമില്ലാതെ കിടന്നു.

"അവസരം വരട്ടെ..."

"അവസരം ഞാൻ ഉണ്ടാക്കും..."

ചിരിയോടെ അതും പറഞ്ഞു അരവിന്ദൻ വരാന്തയിലേക്ക് പോയി.

************************

അരവിന്ദന്റെ നാവും പിള്ളയുടെ കടയും കരുവാക്കുന്നിലെ കാത്തിരുന്നു കിട്ടിയ പുതിയ അവിഹിതകഥ സംപ്രേഷണം ചെയ്തു തുടങ്ങി, അരവിന്ദൻ കണ്ടതും കാണാത്തതുമായ കഥകൾ അവന്റെ ദുഷിച്ച നാവുകൊണ്ട് പറഞ്ഞിറക്കി.
കരുവാക്കുന്നിലെ നാട്ടുകാർ ഒളിഞ്ഞും തെളിഞ്ഞും അവരെ നോക്കി ചിരിച്ചു.
ചുറ്റുമുള്ള കാര്യങ്ങൾ അറിയാതെ സുജയും ശിവനും അവരുടെ കാര്യം നോക്കി ജീവിച്ചു പോന്നു.
ആഹ് ദിവസം വരെ....

"ഡാ മുത്തൂ.....ജീപ്പെടുക്കല്ലേ ഞാൻ കൂടി ഉണ്ട്...."

ടൗണിൽ നിന്നും വൈകിട്ടത്തെ കരുവാക്കുന്നിലേക്കുള്ള ട്രിപ്പ് എടുത്തു പോകാനൊരുങ്ങുന്ന ജീപ്പിന്റെ ഡ്രൈവർ മുത്തു പിന് വിളി കേട്ട് ജീപ്പ് ചവിട്ടി നിർത്തി.
ഓടി വന്നു ജീപ്പിന്റെ മുന്നിലെ സീറ്റിൽ ഒന്ന് കൂടെ തിക്കി ഞെരുക്കി അരവിന്ദൻ കയറി പറ്റി.

"നീ ആയിരുന്നോ..."

ജീപ്പ് മുന്നോട്ടെടുത്തുകൊണ്ട് മുത്തു ചിരിച്ചു.

"ആഹ് ഇന്ന് ടൗണിൽ ആയിരുന്നു പണി. ഇന്നത്തോടെ കഴിഞ്ഞു...കൃത്യ സമയത്തു കണ്ടതുകൊണ്ട് രക്ഷപെട്ടു ഇല്ലേൽ പെട്ട് പോയേനെ..."

ജീപ്പിൽ കയറിയ പാടെ അരവിന്ദൻ തന്റെ പരിപാടി തുടങ്ങി.

നാവിന്റെ തുള്ളലിൽ പല കഥകളും കയറിയിറങ്ങി പോയി.ഒടുക്കം സുജയുടെ കഥയും ജീപ്പിൽ നിറഞ്ഞു കണ്ടതും കാണാത്തതും അടക്കം പൊടിപ്പും തൊങ്ങലും വച്ച്, അരവിന്ദൻ കൊട്ടിഘോഷിക്കുമ്പോൾ, പിറകിൽ ഒരു കുഞ്ഞു ഹൃദയം ഉരുകിയൊലിച്ചു,
കണ്ണുകളിൽ ഉരുണ്ടുകൂടിയ കണ്ണീര് അടക്കി പിടിച്ചുകൊണ്ട് സ്വന്തം അമ്മയെക്കുറിച്ചു അവൻ പറയുന്ന വൃത്തികെട്ട കഥകൾ കേട്ടു തലകുനിച്ചു ഇരിക്കാനെ അവൾക്ക് കഴിഞ്ഞുള്ളു.
കരുവാക്കുന്നിലേക്കുള്ള ആഹ് യാത്ര അവളെ അത്രയധികം ഉലച്ചു കളഞ്ഞിരുന്നു.

ജീപ്പിറങ്ങി നടക്കുമ്പോഴും കുനിഞ്ഞുപോയ തല ഉയർത്താൻ അവൾക്ക് കഴിഞ്ഞില്ല കുട്ടുവിന്റെ കയ്യിൽ മുറുകെ പിടിച്ചു നടക്കുമ്പോഴും അവൾ കരയുന്നുണ്ടായിരുന്നു.
അമ്മയെക്കുറിച്ചു കേട്ട കഥകൾ വിശ്വസിക്കാൻ അവൾക്ക് തോന്നിയില്ല തന്റെ അമ്മ അവൾക്ക് അത്രയും വലുതായിരുന്നു.
കുഞ്ഞു കാലുകൾ നിന്നത് മുന്നിൽ വേറെ രണ്ടു കാലുകൾ കണ്ടപ്പോഴാണ്,
മുന്നിൽ കണ്ട കാലുകളുടെ ഉടമയെ തിരിച്ചറിയാൻ കണ്ണുയർത്തിയ അവൾ കണ്ടത് കയ്യിൽ തേൻമിട്ടായിയും നീട്ടി ചിരിയോടെ നിക്കുന്ന ശിവനെ ആയിരുന്നു.
പുഞ്ചിരിക്കുന്ന അവന്റെ മുഖം കണ്ട അനുവിന്റെ കണ്ണിൽ പകയും വെറുപ്പുമാണ് കത്തിയത്.

"എനിക്ക് ഇഷ്ടമല്ല നിങ്ങളെ....
ചീത്തയാ നിങ്ങള്.....

...... എന്റെ പാവം അമ്മ...
എനിക്കെന്റെ അമ്മ മാത്രേ ഉള്ളൂ...എന്റെ അമ്മയെക്കൂടി നിങ്ങള് ചീത്തയാക്കാരുത്...."

അവർക്ക് നേരെ നീട്ടിയ മിട്ടായി തട്ടിത്തെറിപ്പിച്ചത്രയും പറഞ്ഞതും അനു വിങ്ങിപ്പൊട്ടി പോയിരുന്നു,
ഏങ്ങി കരഞ്ഞുകൊണ്ട് തല കുനിച്ചു നടന്നു പോവുന്ന അവളെ കണ്ടതും ശിവന്റെ ഹൃദയം കഷ്ണങ്ങളാക്കി നുറുക്കിയ പോലെ തോന്നി.
ഒരു കുട്ടിയുടെ കണ്ണ് നിറച്ചുള്ള ആവലാതി തന്നെ പ്രതിസ്ഥാനത്തു നിർത്തി പറഞ്ഞ കാര്യങ്ങൾ വീണ്ടും വീണ്ടും ആലോചിക്കുമ്പോൾ അവന്റെ നെഞ്ച് നീറിക്കൊണ്ടിരുന്നു.
കവലയിലേക്ക് നടക്കുമ്പോഴെല്ലാം അവന്റെ മനസ്സിൽ അവളുടെ വാക്കുകൾ ആയിരുന്നു.
തന്നെയും അവളുടെ അമ്മയെയും കുറിച്ച് അങ്ങനൊരു കഥ ഉണ്ടെന്ന് അവൻ അറിഞ്ഞിരുന്നില്ല,

കവലയിലെത്തുംവരെ മാത്രമേ അതിനു ആയുസ്സുണ്ടായിരുന്നുള്ളൂ.
കാണുന്നവരുടെ മുഖത്തെ ചിരിക്ക് വന്ന വിത്യാസം അവനു കാര്യങ്ങൾ ബോധ്യപ്പെടുത്തിക്കൊടുത്തു.
തന്നെക്കാണുമ്പോൾ അടക്കം പറയുന്ന ചിലർ വികട ചിരി ചിരിക്കുന്ന മറ്റുചിലർ.
കവലയിലെ കേന്ദ്രസ്ഥാനം തന്നിലേക്ക് മാറിയതറിഞ്ഞ ശിവന് അവിടെ നില്ക്കാൻ തോന്നിയില്ല വന്ന വഴി തിരികെ അവൻ നടന്നു പുഴയോരത്തെ കുടില് വരെ.
അകത്തുകടന്ന ശിവൻ പുരയുടെ മൂലയ്ക്കിരുന്ന ട്രങ്ക് പെട്ടി എടുത്തു തുറന്നു തന്റേതായതെല്ലാം അടുക്കി കൂട്ടുമ്പോൾ അവന്റെ ഉള്ളിൽ ചെയ്യേണ്ട കാര്യം തെളിഞ്ഞു നിന്നിരുന്നു.

എല്ലാവരെയും കാത്തിരുത്തി മുഷിപ്പിച്ചതിനു സോറി….
പല ഭാഗങ്ങളും ഉൾപ്പെടുത്തി കൺവിൻസിങ് ആക്കിയാലെ പൂർണ്ണത കിട്ടൂ എന്നെനിക്കു തോന്നിയതുകൊണ്ടാണ് ഇത്രയും വൈകിയത്.
എഴുതിയെത്തുമ്പോൾ വലിയൊരു പാർട്ട് ആയതും വായിക്കുമ്പോൾ മടുപ്പു തോന്നുവോ എന്നുള്ള പേടിയുള്ളതുകൊണ്ടും പിന്നെയും വൈകി.
ഒപ്പം ടി വി യിൽ കണ്ടും വായിച്ചും മാത്രം പരിചയമുള്ള ഒരു കാലം എഴുതിതീർക്കുമ്പോൾ ഉള്ള ചില പ്രശ്നങ്ങളും.
ആദ്യ പാർട്ടിനു എനിക്ക് കിട്ടിയ സപ്പോർട്ട് ഞാൻ ഒരിക്കലും പ്രതീക്ഷിക്കാത്തതായിരുന്നു, എന്റെ ടോപ് ലിസ്റ്റിൽ കയറിയ ആദ്യ കഥ അറവുകാരൻ ആയിരുന്നു…
എല്ലാവര്ക്കും ഒത്തിരി നന്ദി...❤️❤️❤️

ആദ്യ പാർട്ടിന്റെ അതെ ലെവൽ കീപ് ചെയ്യാൻ പറ്റിയിട്ടുണ്ടോ എന്നറിയില്ല….
തെറ്റുകൾ ക്ഷമിക്കുക പറഞ്ഞു തരിക, അടുത്ത കഥകളിൽ തിരുത്താമല്ലോ…
ഈ പാർട്ടിൽ സ്റ്റക്ക് ആയി നിന്നപ്പോൾ എല്ലാം എന്നെ സഹായിച്ച ആശാനും, ആദ്യ റിവ്യൂ തന്നു ഇത് കുറച്ചു കൂടെ നന്നാക്കാൻ സഹായിച്ച തമ്പുവിനും നന്ദി പറയുന്നു.
അപ്പോൾ സ്നേഹപൂർവ്വം...❤️❤️❤️

പുഴക്കരയിലെ പാറപ്പുറത്തവൻ കിടന്നു, മലയിൽ നിന്നും പേരറിയാത്ത അനേകം പൂക്കളുടെ മണവുംപേറി എത്തിയ തണുത്ത കാറ്റിനും അവന്റെ മനസ്സിനെ തണുപ്പിക്കാനായില്ല.

"പോണം…..ഇവിടുന്നു...പോണം,
ഞാൻ കാരണം ആർക്കും ഉപദ്രവം ഉണ്ടാവരുത്…"

അവന്റെ മനസ്സ് ഉരുവിട്ടുകൊണ്ടിരുന്നു.
**********************************

"ഓടുന്നതെന്തിനാട കുട്ടു...വീട്ടിൽ ഇരുന്നാൽ പോരെ ഞങ്ങൾ വരില്ലേ….അനുമോൾ എന്ത്യേ…"

പതിവുപോലെ ജോലി കഴിഞ്ഞു വീട്ടിലേക്ക് വരുന്ന വഴിയിലാണ് തങ്ങളുടെ നേരെ ഓടിപ്പാഞ്ഞു വരുന്ന കുട്ടുവിനെ സുജയും ശ്രീജയും കണ്ടത്.

"അമ്മാ അനുമോൾ വീട്ടിലിരുന്നു കരയുവാ…
സുജാമ്മേക്കുറിച്ചു ജീപ്പിലിരുന്ന ആള് കുറെ വൃത്തികേട് പറഞ്ഞു.
അത് കേട്ടപ്പോൾ തൊട്ടു അനു വിഷമിച്ചിരിക്കയായിരുന്നു, അത് കഴിഞ്ഞു വരുന്ന വഴി ശിവൻ ചേട്ടനെ കണ്ടു അയാളോടും കുറെ ചീത്തയൊക്കെ പറഞ്ഞു."

"ദേവി...എന്റെ മോള്….."

കുട്ടു പറഞ്ഞതുകേട്ട സുജ തളർന്നു വീണു പോയി, കൃത്യ സമയത്ത് ശ്രീജ താങ്ങിയതും സുജ അവളിലേക്ക് ചാരിക്കൊണ്ട് വിങ്ങിപ്പൊട്ടി.

"എന്തുവാ കൊച്ചെ ഇത്, അവള് കാര്യം അറിയാതെ അല്ലെ, പെട്ടെന്ന് ഓരോന്ന് കേട്ടപ്പോൾ തളർന്നു പോയതാവും,....
അത് നോക്കാതെ നീയും കുഞ്ഞുപിള്ളാരെ പോലെ ഇങ്ങനെ കിടന്നു കരഞ്ഞാലോ…

....ഡാ കുട്ടു നീ എന്നിട്ടു അവളെ അവിടെ ഒറ്റയ്ക്കിരുത്തിയിട്ടു ഇങ്ങോട്ടു പോന്നോ..."

"അവിടെ അമ്മൂമ്മ ഉണ്ട് അമ്മ....അവള് കരയണ കണ്ടപ്പോൾ എന്നോട് പോയി നിങ്ങളെ കൂട്ടി വരാൻ പറഞ്ഞോണ്ട ഞാൻ...."

കുട്ടു തല താഴ്ത്തി നിക്കുന്നത് കണ്ട ശ്രീജ അവനെ തിരികെ പോയ്കൊള്ളാൻ പറഞ്ഞതും ഓടിക്കൊണ്ടവൻ തിരികെ പോയി.

"ചേച്ചി...ആഹ് പെണ്ണുങ്ങള് പറഞ്ഞത് ഒക്കെ കേട്ടപ്പോൾ തന്നെ എന്റെ പിടി വിട്ടു പോയതാ...ഇപ്പോൾ എന്റെ മോള്....
അവള് എന്നെക്കുറിച്ചു എന്ത് കരുതിക്കാണും...."

"ഡി പൊട്ടി...എന്ത് കരുതാൻ നീ അവൾക്ക് വേണ്ടി കഷ്ടപ്പെടുന്നതൊക്കെ അവള് കാണുന്നതല്ലേ, നാക്കിന് എല്ലില്ലാത്ത നാട്ടിലെ ഓരോ പരിശകൾ പറയുന്നത് കേട്ട് നീ ഇങ്ങനെ കിടന്നു മോങ്ങുന്നതെന്തിനാ,...
വാ ഇങ്ങോട്ടു വീട്ടിലേക്ക് ചെല്ലട്ടെ മോളെ നമുക്ക് പറഞ്ഞു മനസ്സിലാക്കാം."

സുജയെ താങ്ങിപ്പിടിച്ചുകൊണ്ടാണ് ശ്രീജ നടന്നത്,
സുജയുടെ കാലുകൾ കുഴഞ്ഞ പോലെ ആയിരുന്നു,
ഏങ്ങലടിച്ചും, മൂക്കു പിഴിഞ്ഞും അവർ നടന്നു നീങ്ങി.
-----------------------------------------

കരഞ്ഞു കലങ്ങിയ കണ്ണുകളുമായി സുജ എത്തുമ്പോഴേക്കും ശ്രീജയുടെ വീടിന്റെ വാതിൽപ്പടിയിൽ അനു ഇരിക്കുന്നുണ്ടായിരുന്നു, അഴിഞ്ഞു വീണ മുടിയും മിഴിനിറഞ്ഞൊഴുകിയ കണ്ണീര് കവിളിൽ പറ്റിപ്പിടിച്ചിരുന്നിരുന്നു,
അത് കൂടെ കണ്ടതും സുജയുടെ തേങ്ങൽ പിടിവിട്ടുയർന്നു.
അമ്മയുടെ തേങ്ങൽ കേട്ടാണ് അനുവിന്റെ കണ്ണ് ഉയർന്നത്.
മുന്നിൽ വിങ്ങിപ്പൊട്ടി നിന്ന അമ്മയെ കണ്ടതും പിടിച്ചു കെട്ടി നിന്ന സർവ്വ സങ്കടവും പൊട്ടിയലച്ചുകൊണ്ട് അനു ഓടിപ്പാഞ്ഞു വന്നു ശ്രീജയെ ചുറ്റിപ്പിടിച്ചു കരഞ്ഞു.
അവളുടെ വയറിൽ മുഖം അമർത്തി തന്നെയൊന്നു നോക്കുക കൂടെ ചെയ്യാതെ കരയുന്ന അനുവിനെ കണ്ടതും
സുജ വീണ്ടും തളർന്നു പോയി.

"ഡി പെണ്ണേ നീ വീട്ടിലേക്ക് ചെല്ല്,...
അനുമോള് കുറച്ചു നേരം എന്റെകൂടെ ഇരിക്കട്ടെ...
കുട്ടൂസെ സുജാമ്മേനേം കൂട്ടി വീട്ടിലേക്ക് ചെല്ല്..."

സുജയെ നോക്കി ഒന്ന് കണ്ണടച്ചുകാട്ടി സമാധാനിപ്പിച്ചുകൊണ്ട് ശ്രീജ പറഞ്ഞു.

എന്നിട്ടും കരഞ്ഞുകൊണ്ട് അവിടെ നിന്ന സുജയെ നോക്കി ഒന്ന് കൂടെ കണ്ണ് കാണിച്ചിട്ട് ശ്രീജ അനുവുമായി കുറച്ചു മാറി.
സുജ കുട്ടുവിന്റെ കയ്യിൽ താങ്ങി എങ്ങനെയോ വീട്ടുപടിക്കൽ ഇരുന്നു തേങ്ങി.
മകൾ കൂടെ തന്നെ അവിശ്വസിക്കുമോ എന്ന ഭയം പിടിമുറുക്കിയ സുജ വിങ്ങുന്ന ഹൃദയവുമായി പടിയിലിരുന്നു.
അൽപ സമയത്തിന് ശേഷം അനുവിനെ ചുറ്റിപ്പിടിച്ചുകൊണ്ട് ശ്രീജ അവളുടെ മുന്നിൽ എത്തി.
കണ്ണീരൊഴുകിയ പാട് മാത്രം അനുവിന്റെ കവിളിൽ ഉണ്ടായിരുന്നുള്ളു.
ആഹ് കണ്ണുകളിൽ അമ്മയോടുള്ള സ്നേഹം നിറഞ്ഞു നിന്നിരുന്നു.
മകളെക്കണ്ട് ഞെട്ടിപ്പിടഞ്ഞെഴുന്നേറ്റ സുജയുടെ നേരെ ഓടി വന്ന അനു അവളെ മുറുക്കി കെട്ടിപ്പുണർന്നു.

"കണ്ടോടി പെണ്ണേ...ഇത്രേ ഉള്ളൂ നമ്മുടെ അനുകുട്ടി, ഒന്നുല്ലേലും നീ വളർത്തിയതല്ലേ അവളെ, അവൾക്ക് നിന്നെ അറിയുന്ന പോലെ വേറെ ആർക്ക് അറിയാന…."

ശ്രീജ പറയുന്നത് കേട്ടുകൊണ്ട് അമ്മയും മോളും പരസ്പരം കെട്ടിപ്പിടിച്ചു കരഞ്ഞതല്ലാതെ ഒന്നും സംസാരിച്ചില്ല…
അവരുടെ കണ്ണീരിൽ ഉണ്ടായിരുന്നു അവർക്ക് പറയാനുള്ളത്..

"മതി മതി അമ്മേം മോളും കൂടെ കരഞ്ഞു കൂട്ടിയത് വീട്ടിലേക്ക് ചെല്ല്….
വാടാ കുട്ടൂസെ നമുക്ക് നമ്മുടെ വീട്ടിലേക്ക് പോവാം…"

കുട്ടുവിന്റെ കയ്യിൽ പിടിച്ചുകൊണ്ട് ശ്രീജ പടികൾ ഇറങ്ങി.

-----------------------------------------

പിറ്റേന്ന് രാവിലെ ജോലിക്ക് പോവാൻ ഇറങ്ങിയതായിരുന്നു ശ്രീജയും സുജയും.

"ഇന്നലെ എല്ലാം ശെരിയായോടി കൊച്ചേ…"

നടക്കും നേരം ശ്രീജ സുജയോട് ചോദിച്ചു.

"ഹോ ഇന്നലെ, കരഞ്ഞു കലങ്ങിയിരിക്കണ എന്റെ മോള്ടെ മുഖം കണ്ടപ്പോൾ നിന്ന നിൽപ്പിൽ ഞാൻ അങ്ങ് തീർന്നു പോയേച്ചി…
അവളുടെ കണ്ണീര് കാണാതെ ഇരിക്കാൻ അല്ലെ ഞാൻ ഈ കിടന്നു കഷ്ടപ്പെടുന്നെ…
എന്നിട്ട് അവള് അങ്ങനെ ഇരിക്കുന്ന കണ്ടപ്പോഴേക്കും, ഹോ….അത് പറയാൻ പറ്റത്തില്ല…
അവളെങ്ങാനും എന്നെ തള്ളിപ്പറഞ്ഞാൽ പിന്നെ ഞാൻ ജീവിച്ചിരിക്കുകേല… ഉറപ്പ്…"

"ഓഹ്… എന്ത് പറഞ്ഞാലും അവസാനം അവൾക്ക് ചാവണം.
ഒറ്റ കുത്തു ഞാൻ വെച്ച് തരും…"

ശ്രീജയുടെ വായിലിരിക്കുന്നത് കേട്ട സുജ തല കുനിച്ചു അവളെ മറച്ചൊന്നു ചിരിച്ചു.
ഇരുവശവും നിറഞ്ഞു നിൽക്കുന്ന മരങ്ങൾക്ക് നടുവിലൂടെ ഉള്ള വഴിയിൽ, കൊച്ചു വർത്താനങ്ങളുമായി നടന്നു നീങ്ങിയ അവരുടെ മുന്നിലേക്ക് ഒട്ടും പ്രതീക്ഷിക്കാതെ ആയിരുന്നു ശിവൻ എത്തിയത്…
അവരെ കാത്തു നിന്നിരുന്നത് പോലെ അവരുടെ മുന്നിലേക്ക് അവൻ വന്നു.
അപ്രതീക്ഷിതമായി ശിവനെ കണ്ട അമ്പരപ്പിൽ സുജ ഒട്ടൊന്നു പരിഭ്രമിച്ചു.
പിന്നെ പെട്ടെന്ന് തല കുനിച്ചു ശ്രീജയുടെ കയ്യിൽ ചുറ്റിപ്പിടിച്ചു ഒരു മറ എന്ന പോലെ ശ്രീജയുടെ വശത്തേക്ക് നിന്നു.

"എന്താ...ശിവ…"

പെട്ടെന്നു കണ്ടപ്പോൾ ഒന്ന് അമ്പരന്നെങ്കിലും ശ്രീജ ചോദിച്ചു.

"ഞാൻ….ഞാൻ ഇവിടുന്നു പോവാ...ചേച്ചീ….
പോവും മുൻപ് ഒന്ന് പറഞ്ഞിട്ടാവാം എന്ന് കരുതി…"

"നീ എന്തിനാ പോവുന്നെ….ഇവിടെ നിനക്ക് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായോ…"

സുജയെ ഒന്ന് നോക്കിയാണ് ശ്രീജ അത് പറഞ്ഞത്.

"അറിഞ്ഞോണ്ട് ആരേം ഉപദ്രവിക്കാതെ ഈ ജീവിതം ജീവിച്ചു തീർക്കണോന്നു മാത്രേ എനിക്ക് ആഗ്രഹോള്ളു ചേച്ചീ….
പക്ഷെ...ഒരു ഉപകാരം ആയിട്ട് ചെയ്‌ത ഒരു കാര്യം മറ്റൊരാൾക്ക് ഇത്രയും വലിയ ഉപദ്രവം ആവുമെന്ന് ഞാൻ സത്യമായിട്ടും കരുതിയില്ല…
ഇന്നലെ ആഹ് കൊച്ചു കണ്ണ് നിറച്ചു പറഞ്ഞത് കേട്ടപ്പോൾ,
എനിക്ക് സഹിക്കാൻ പറ്റിയില്ല…"

അവന്റെ കണ്ണുകൾ നിറഞ്ഞു തുടങ്ങിയിരുന്നു,...അത് കണ്ടിട്ട് വല്ലാതായ സുജ ശ്രീജയുടെ കൈയിലെ പിടി മുറുക്കി. ശ്രീജയുടെ അവസ്ഥയും മറ്റൊന്നായിരുന്നില്ല, ഒത്ത ഒരാണ് ഇടറുന്ന ശബ്ദവുമായി കണ്ണ് നിറച്ചു മുന്നിൽ നിൽക്കുന്നത് കണ്ട അവർ രണ്ടു പേരും പകച്ചു പോയിരുന്നു.

"ഇനീം ഈ നാട്ടിൽ നിന്നാൽ എന്നെ കൂട്ടി ഇനീം കഥകൾ പറഞ്ഞുണ്ടാക്കാൻ ആളുകള് എണ്ടാവും…
എനിക്ക് പോകാൻ ഇനിയും കുറെ നാടുകളുണ്ട്,....

ഞാൻ.....ഞാൻ പൊക്കോളാം..."

കണ്ണ് തുടച്ചു ശിവൻ തിരിഞ്ഞു നടന്നു.

"ശിവാ...."

ഉറച്ച ശബ്ദം ശ്രീജയുടേതായിരുന്നു.

"നീ പോയാൽ ഇപ്പോൾ ഉണ്ടായ പ്രശ്നം തീരുവോ...
ഇവളുടെ പേരിനു പറ്റിയ ചീത്തപ്പേര് പോകുവോ..."

ശ്രീജയെ നോക്കി നിന്ന ശിവനോട് അവൾ ചോദിച്ചു.

"നീ നാട് വിട്ടാൽ, നിനക്ക് മടുത്തപ്പോൾ നീ ഇട്ടിട്ടു പോയി എന്നാവും ഇനി, ഇവിടെ വിഷം ചീറ്റുന്ന നാട്ടുകാര് പറഞ്ഞുണ്ടാക്കാൻ പോവുന്നത്...
നീ പോയാൽ നീ അത് കേൾക്കാൻ ഉണ്ടാവില്ല എന്നെ ഉള്ളൂ...
ഇവളുടെയും മോളുടെയും കാര്യം എന്താവുമെന്ന് നീ ചിന്തിച്ചിട്ടുണ്ടോ..."

"ചേച്ചീ....ഞാൻ...എനിക്കറിയില്ല...ചേച്ചി..."

"അറിയണം...ഇവൾക്ക് ഇനി ഇവിടെ നേരാം വണ്ണം ജീവിക്കാൻ പറ്റുമോ എന്ന് തോന്നുന്നുണ്ടോ...
നീ പോയാൽ നിന്റെ പേരും പറഞ്ഞു മുതലെടുക്കാൻ വരുന്നവരെ നേരിടാൻ ഇവൾക്ക് കഴിയുമെന്ന് തോന്നുന്നുണ്ടോ..."

"ഞാൻ...എന്താ വേണ്ടത് ചേച്ചീ... ഇതിന് എന്ത് പരിഹാരാ ചെയ്യേണ്ടേ...."

ശിവൻ ശ്രീജയിലേക്ക് ഉറ്റുനോക്കി.

"നിനക്ക് ഇവളെ താലികെട്ടി നിന്റെ ഭാര്യ ആക്കാൻ പറ്റുവോ...
അനുമോള്ടെ അച്ഛനാവാൻ പറ്റുവോ..."

"ചേച്ചീ....!!!!"

രണ്ടുപേരും ഒരുമിച്ചാണ് ശ്രീജയെ ഞെട്ടലോടെ വിളിച്ചത്...

"ഒച്ച വെക്കണ്ട ശിവാ..."

സുജയെ പാടെ അവഗണിച്ചുകൊണ്ട് ശിവന് നേരെ കൈ കാട്ടി ശ്രീജ പറഞ്ഞു.
ഇതുവരെ ഇല്ലാത്ത കരുത്ത് അവളുടെ ശബ്ദത്തിനുണ്ടായിരുന്നു.

"എല്ലാം അറിഞ്ഞിട്ടു തന്നെയാ ചോദിച്ചത്…
ഇവൾക്ക് രണ്ടാം കെട്ടാണ്,.... പ്രായം എത്താറായ ഒരു മോളുണ്ട്…
ഇതെല്ലാം അറിഞ്ഞുകൊണ്ട് നിനക്കിവളെ സ്വീകരിക്കാൻ കഴിയുമോ എന്നാണ് എന്റെ ചോദ്യം…"

ഞെരിപിരി പൂണ്ട് അതീവ സങ്കടത്തോടെയും അതിലും ഏറിയ കോപത്തോടെയും ഇതെല്ലാം കേട്ടുകൊണ്ട് കണ്ണീരൊഴുക്കി സുജ ശ്രീജയുടെ കൈ മുറുക്കുന്നുണ്ടായിരുന്നു.

"എനിക്കുത്തരം വേണം ശിവാ...നീ എന്നോട് ചോദിച്ചത് ഒരു പരിഹാരം ആണ്,...എനിക്ക് മുൻപിൽ ഇത് മാത്രമേ പരിഹാരം ആയിട്ടുള്ളു…"

"എനിക്ക്…..എനിക്കറിയില്ല ചേച്ചി…
അന്ന് അവിടെ അവർക്ക് വേണ്ട സാധനങ്ങൾ കൊണ്ട് വെക്കുമ്പോൾ പോലും വേറെ ഒരു ഉദ്ദേശവും എന്റെ മനസ്സിൽ ഉണ്ടായിരുന്നില്ല…
എനിക്ക് ബഹുമാനം മാത്രേ തോന്നിയിട്ടുള്ളൂ… ഒറ്റയ്ക്ക് ഒരു കൊച്ചിനെ കഷ്ടപ്പെട്ട് വളർത്തുന്ന കണ്ടുകൊണ്ടുള്ള ബഹുമാനം…"

"ഇന്ന് മുഴുവൻ നീ ആലോചിച്ചോ ശിവാ...എന്നിട്ടു സമ്മതം ആണെങ്കിൽ നാളെ രാവിലെ ഞങ്ങൾ ഇറങ്ങും മുൻപ് വീട്ടിൽ വന്നു കാണാം എന്നിട്ട് ബാക്കി തീരുമാനിക്കാം, ഇല്ലേൽ ഇങ്ങനെ ഒന്ന് പറഞ്ഞിട്ടില്ലെന്നും നമ്മൾ തമ്മിൽ കണ്ടിട്ടില്ലെന്നും കരുതി, നിന്റെ വഴിക്ക് പോകാം…
….വാ പെണ്ണേ…"

അവന്റെ മറുപടിക്ക് കാക്കാതെ സുജയേയും കൊണ്ട് ശ്രീജ അവനെ കടന്നു നടന്നു.

തിരിഞ്ഞു നോക്കിയ ശിവന്റെ കണ്ണും സുജയുടെ കണ്ണും ഒരു നിമിഷത്തേക്ക് ഇടഞ്ഞു,
അവിടെ നിറയുന്നതെന്താണെന്നു രണ്ടു പേർക്കും തിരിച്ചറിയാൻ ആയില്ല.

"വിട്….എന്ത് പണിയാ ചേച്ചി കാണിച്ചത്….ആരോട് ചോദിച്ചിട്ടാ ശിവനോട് അങ്ങനെയൊക്കെ പറഞ്ഞത്…
ഞാൻ പറഞ്ഞോ എനിക്ക് ഒരു കല്യാണം കഴിക്കണമെന്ന്…
എന്തിനാ ചേച്ചി...എന്നോടീ ചതി ചെയ്തത്…."

ശ്രീജയുടെ കൈ തട്ടി തെറിപ്പിച്ചു കരഞ്ഞുകൊണ്ട് സുജ താഴെക്കിരുന്നു പോയി.

"ഇങ്ങോട്ടെഴുന്നേൽക്കടി…..
എപ്പോൾ നോക്കിയാലും മോങ്ങാൻ നിക്കുന്ന ഒരുത്തി…

ഞാൻ പിന്നെ എന്ത് പറയണം അവനോടു നാട് വിട്ടോളാൻ പറയണോ…
എന്നിട്ട് നാളെ മുതൽ പിന്നെ എന്നും നിന്റെ മോൾ കരഞ്ഞുകൊണ്ട് വരുന്നത് കാണണോ, ഇപ്പോൾ ഒളിഞ്ഞും തെളിഞ്ഞും അടക്കം പറയുന്നവര് നാളെ ഉച്ചത്തിൽ വിളിച്ചു പറയും നിന്നെപ്പറ്റി ഇല്ലാകഥകൾ…
അവൻ പോയാൽ അവന്റെ വിടവ് നികത്താം എന്നും പറഞ്ഞു കണ്ട എമ്പോക്കികൾ നിന്റെ മേലെ കയറി നിരങ്ങും,....
